**Parents invite matrimonial proposals for their son 28 years old 5'10", born and brought up in Kuwait, currently working in Kuwait from parents of God-fearing girls. Please send details with a returnable photograph to Box #NW9 0473, c/o The Editor, Mar Thoma Messenger, Newtown Richboro Road, Richboro, PA 18954-1718.**

# The Ecumenical Table

Konrad Raiser, General Secretary, World Council of Churches

Presented at the Annual Meeting of the U.S. Conference of the World Council of Churches and Eighth Assembly Preparatory Meeting, on Friday, December 12, 1997, at the Hyatt Regency O 'Hare Hotel, Chicago, Illinois. Dr. Raiser departed from this text at several points to make extemporaneous remarks.

This year, the meeting of the U.S. Conference of the World Council of Churches has been organized to coincide with the Preparatory meeting for the Eighth Assembly of the WCC in Harare next year. We are thus in an extended group including the delegates appointed by the U.S. member churches to the Assembly. This is one of the first such preparatory meetings to be held, and it comes at a time when preparations enter their final and decisive stage. I, therefore, would like to welcome first of all the Assembly delegates, for many of whom this will be their first direct encounter with the WCC. You will be surrounded by many old hands who have attended earlier Assemblies or who have been involved in activities of the World Council through the years. This meeting, therefore, offers an opportunity for sharing basic information and experiences, and it is my hope that it will help you in your own preparation for the Assembly.

WCC Assemblies are unique events, and this will be true of the Harare Assembly as it has been for the preceding ones. It is the second time since Nairobi 1975 that the WCC Assembly meets in Africa. The conditions, however, have changed dramatically since then. On the one hand, the abolition of the apartheid regime in South Africa and the emergence of the South African Republic as a source of hope and vision for all of black Africa and in particular the Southern African region, offers new opportunities as well as challenges to the churches. On the other hand, the effects of a globalizing economy, of international indebtedness and in particular of the measures of structural adjustment imposed on most of the African countries south of the Sahara, including Zimbabwe, have severely shattered the structures of African communities. The decision of the WCC Central Committee in January 1994 to accept the invitation of the churches in Zimbabwe to hold the Eighth Assembly in Harare was taken as a conscious expression of solidarity with the churches and the peoples of Africa at a time when they are engaged in reconstructing the conditions of their lives.

The Assembly theme "Turn to God—Rejoice in Hope" speaks directly to the present African situation. Africa is engaged in a process of turning away from the structures of dependency, expecting all guidance and assistance to come from outside or blaming outside forces for any African failures. Africa is experiencing in a new process of liberation, of regaining self-confidence, and in this process draws on the sources of the Christian faith of its people. It is believed that early in the new century, Africa will be the continent with the largest Christian population. For Africa, to turn to God is not just the call to personal repentance, but the invitation to renewed trust in God's faithfulness and God's reign of justice. It is this trust which releases the energies of hope which are so clearly present in the African Christian communities. "Rejoice in hope," therefore, is not only an appropriate call for celebration on the occasion of the 50th anniversary of the WCC; it rather reflects the feeling of being liberated from the sense of fatalism and despair which characterizes so many analyses commenting on the African situation from outside. The beautiful Assembly poster with a wooden sculpture from Zimbabwe clearly expresses the vitality of this expectant hope.

We regret that unexpected difficulties which had arisen for the administration of the University of Zimbabwe obliged the WCC to adjust the dates of the Assembly and to postpone it by three months to the time of 3 to 14 December. It is my hope that this change of dates has not created too many difficulties for the delegates and I am encouraged by the understanding response we have received from most member churches. I am happy to say that meanwhile local arrangements are well under way and the necessary contracts have been signed. You will hear more about these arrangements in the course of our meeting. Let me say at this point only that the campus of the University of Zimbabwe offers a unique location for holding an Assembly, and I am sure that we shall all enjoy the warm hospitality of the churches in Zimbabwe.

Reference has been made already to the fact that this Assembly takes place fifty years after the inaugural Assembly of the WCC in Amsterdam, in 1948. Celebrations of the anniversary will begin already on 20 September 1998 when all member churches are invited to join in special ecumenical events to commemorate the anniversary and to renew their ecumenical commitment. In Amsterdam a series of events is being planned in which the Executive Committee of the WCC will participate. Other such events may follow in the period between 20 September and Sunday, 13 December, when the Assembly

itself will celebrate the anniversary in Harare and renew the ecumenical covenant which was established at Amsterdam. You have already been introduced to the program of the Assembly which will carry a number of other special features in comparison with earlier assemblies. Let me only add in concluding this introduction that we should keep in mind that the Assembly takes place just a year before the end of the millennium and the beginning of the 21st century. The Assembly should, therefore, strive to convey in its message an ecumenical vision which could guide the ecumenical movement into the new century. Preparations for such a statement of ecumenical vision are under way and you will receive an initial draft together with other preparatory documents in the spring of next year.

The special theme which has been proposed to me for this talk tries to capture the particular moment at which this Assembly takes place. It invites us to reflect on "extending the ecumenical table." I would like to dwell on this very expressive image for a little while.

The table, in most cultures, is a symbol of community. While people of course sit at and around tables in order to do business, in order to write and work, to do business, to take decisions or to pass judgment, the most common use of the table is to gather a group of people for sharing a meal. A family or a community sharing the same house gather around the table for their common meal, at least in those cultures where eating together is still the regular custom. You extend the table when guests are expected and additional space is needed. Most modern dining tables provide for this need and can be extended at least once or even twice. When the table is extended, this is mostly the occasion for a festive meal. to celebrate the fellowship among friends or a particular moment in the life of a family.

Of course, all this imagery will seem somewhat remote and idealized in a culture in which members of a family or of a household only rarely eat together around a table and where eating has ceased to be an expression of community life. The fast food culture may have difficulties translating the image of the extended table into everyday experience in other cultures, like in the Pacific and in many African countries. meals have remained very much a community affair, but they are not taken at tables, but sitting on the floor or on mats. The appropriate image then would be to add another mat to accommodate the guests at the common meal. In any case, the images of extending the table points to a widening of the circle of a community, to the deliberate act of sharing beyond the limits of everyday relationships.

Applied to the present situation of the World Council of Churches and the organized ecumenical movement, the imagery draws attention to the fact that organized ecumenism is indeed an affair only of a minority among the different parts of world Christianity. The membership of the World Council of Churches is limited largely to the churches of historic Protestantism and of Orthodoxy. Most of the Pentecostal churches, the Evangelical churches and communities, the Independent churches in Africa and Asia and, of course, the Roman Catholic Church, are not members of the WCC, even though they are part of an increasing number of national and regional ecumenical bodies. Should the WCC seek to extend its membership and to grow in the number of member churches? Should it take a closer look at the barriers which its institutional structures may present to some potential member churches preventing them from seeking membership? Can the WCC maintain its role as the most representative and comprehensive ecumenical framework if, in fact it only represents a minority among the world's Christian churches? The theme "Extending the Ecumenical Table" suggests that the 50th anniversary might in fact be the proper moment to consider whether steps should be taken to widen the circle of the ecumenical community.

The image of the table, of course, evokes a rich collection of biblical references. There is, for instance, the experience of blessing associated with the table as in Psalm 23 6: "You prepare a table before me in the presence of my enemies; you anoint my head with oil, my cup overflows. Surely goodness and mercy shall follow me all the days of my life, and I shall dwell in the house of the Lord my whole life long." But more important are the many references to table fellowship in the gospels where Jesus is being depicted as having shared in table fellowship with sinners and tax collectors, or engages the scribes and pharisees in critical dialogue over a shared meal at a common table. Jesus invites himself to the table of the tax collector Zacchaeus. Many of the parables speak of the kingdom of God in terms of the festive meal around the common table. This is comprehensively expressed in Luke 13:29: "Then people will come from east and west, from north and south, and will eat in the kingdom of God." There is no example of a table being extended in the biblical stories, but there are many examples of invitations to guests to join table fellowship with a host, most explicitly in the parable about the festive meal whose original guests all declined and were then replaced by those collected from the street comers and fences The parables clearly indicate that the extended table in the kingdom of God has its own order of seating which means that there will be a reversal of status and privileges compared to human rules of etiquette The divine host, in extending the table, is not concerned about propriety, but about opening the house for all who are ready to follow the invitation.

"Extending the ecumenical table" could therefore, indeed become a very telling symbol of the ecumenical

vision which seeks to manifest more fully that Koinonia which Jesus practiced in offering and seeking fellowship at the table and which is promised to us as the fullness of life in God's kingdom. The presence of God among God's people finds its most beautiful expression in the table fellowship with God shared by all. This Koinonia is manifested for us in the Lord's Supper in which we commemorate the last meal which Jesus shared with his disciples. Extending the ecumenical table, therefore, also raises the issue of Eucharistic fellowship and hospitality. While sharing together in fellowship at the Lord's table remains the hope inspiring the ecumenical movement, it points at the same time to the contradictions in our present ecumenical reality. Can we seriously consider extending the ecumenical table when in fact this table is seriously divided? The question whether a "common Eucharist" could be celebrated at the Harare Assembly has been a matter of painful and passionate discussion. The solution to celebrate the Eucharist at the invitation of four churches of different traditions in Harare is an honest response to the fact of basic disunity which still limits the possibilities of hospitality at the ecumenical table.

The question of a "common ecumenical table," therefore, requires some further consideration before we can seriously approach the possibility of extending the table. A brief historical recollection will remind us that at the Fourth Assembly in Uppsala 1968 Eucharistic celebrations were still held separately according to the different traditions. There had been guidelines provided by the Faith and Order Commission suggesting that at major ecumenical conferences two Eucharistic services should be offered of which one should include an open invitation, but all participants should be invited to both liturgies, and a common service of preparation and repentance should be held prior to the Eucharistic liturgies When in 1982 the Lima texts on Baptism, Eucharist and Ministry were made public, they were accompanied by the so-called "Lima liturgy" which served as the basis for the open Eucharistic celebration at the Vancouver Assembly in 1983 at which the Archbishop of Canterbury presided. This has nourished the hope that in future such common Eucharistic celebrations might take place at all Assemblies. The fact that the majority of churches of the Protestant tradition have meanwhile entered officially or at least into a de facto relationship of full communion has further strengthened this hope. The pain and disappointment felt many Assembly delegates at Canberra when they could not share in the communion at the Orthodox Eucharistic liturgy shows that it has become increasingly difficult to interpret the Eucharistic discipline of the churches still divided to participants at ecumenical conferences and assemblies. The doctrinal and canonical reasons are obviously in conflict with a rapidly evolving ecumenical situation and do not respond to the pastoral and spiritual needs of a new generation of active participants in the ecumenical movement.

In many churches and countries, a praxis of open or tacit Eucharistic hospitality has developed between Protestant and Catholic communities. This praxis tries to address in particular the situation of couples who share in an interchurch marriage or of ecumenical groups and base communities who have grown together in close fellowship through common ecumenical action. For doctrinal and canonical reasons, the Orthodox churches have rejected both the notion of intercommunion and the praxis of Eucharistic hospitality, emphasizing that Eucharistic communion can only be considered as the sign of full church unity.

Under the impulse of a renewal of Eucharistic theology both in Orthodoxy and in conciliar Catholicism, a Eucharistic understanding of the unity of the church has moved into the c of ecumenical dialogue. The sharing of the Eucharist has become the central symbol for the unity we seek. The more this Eucharistic emphasis has shaped ecumenical considerations about the unity of the church, the more the impossibility to share a common ecumenical table has become a symbol of division. We have accepted the Eucharist to become the touchstone of our ecumenical endeavor to an extent that it has paralyzed our ability to engage more fully in the act of breaking bread together.

Perhaps we need to recapture the praxis of the early Christian communities in apostolic times which celebrated the Eucharist as part of a common meal, the agape. The contradictions of the present ecumenical situation could be eased if we could develop a new- praxis of sharing a simple meal to affirm our ecumenical fellowship, to invoke God's blessing on the food and to rejoice together could integrate the symbol of a fasting meal as a sign of repentance and of opening ourselves to healing presence of God. Such an act of a non-Eucharistic breaking of bread together could be a way of respecting the fact that the orders of our churches do not vet allow full Eucharistic fellowship, but that the gift of new fellowship which we have received through the ecumenical movement calls for a gathering around the common table.

The celebration of the 50th anniversary of the WCC at Harare will include a festive sharing of food and drink to affirm our ecumenical fellowship We might still be able to introduce into this celebration, which in the program will follow the Eucharistic liturgies in the morning of Sunday, 13 December, elements which could become the starting point for a new praxis of ecumenical breaking of bread at the common table. Any consideration about extending the ecumenical table would not be honest as long as we have

not addressed this basic contradiction in our present fellowship.

The very limitations of the ecumenicity of the World Council of Churches, as expressed in its limited membership, should of course invite us to think about ways of widening the circle. It has to be recognized that the constitutional principles of the WCC create barriers which exclude many churches from seeking membership either because of their limited size or because they hesitate to accept the commitments demanded by full membership When, in the early 70s, the possibility of Roman Catholic membership was discussed, several options for alternative institutional arrangements were considered, such as reconstituting the WCC on the basis of national councils of churches or confessional families. In the end, the Roman Catholic Church decided against seeking membership in the foreseeable future. The situation has not changed, even though the Roman Catholic Church since then has joined more than 50 national councils of churches and three of the regional conferences of churches. There are no indications that institutional or constitutional changes would facilitate entry of the Roman Catholic Church into a structured ecumenical fellowship on the world level. While the conditions are different for the large number of Pentecostal churches or for conservative Evangelical communities, it does not seem possible to include a larger number of them into full membership.

From another perspective, questions have been raised about desirability of "extending the ecumenical table" in the sense of increasing the number of member churches. The Orthodox churches have increasingly expressed concern about the increase in the number of very small Protestant churches in WCC membership, while the number of Orthodox member churches has remained unchanged. In order to redress the balance and secure a proper place for the large churches of the Orthodox tradition in the fellowship of the World Council, the proposal has recently been advanced to reorganize the WCC according to families of churches, following the model developed in the Middle East Council of Churches. The discussion about proposal has only just begun, and it is too early to anticipate the outcome. In any case, this move on the part of the Orthodox member churches would suggest that an extension of the ecumenical table does not and should not necessarily mean a continuous growth in the number of member churches.

The image of the guest joining the extended table of an existing community is misleading if it is applied to the present ecumenical situation. The Roman Catholic Church is not a guest coming from outside, but is a full partner in the one ecumenical movement. This is also true for an increasing number of Pentecostal and Independent churches which have joined national or regional ecumenical structures. The more appropriate image would be to see the present ecumenical situation characterized by a room with a number of separate tables at which different parties enjoy a meal. As they discover the links of fellowship between them, they decide to move their tables together to enlarge the circle. It was with a similar intention that the proposal of a "forum of Christian churches and ecumenical organizations" was launched in the context of the reflection process on a Common Understanding and Vision of the WCC. This proposal acknowledges the fact that the ecumenical movement is a network of a great diversity of partners who all contribute to the one ecumenical movement in distinct ways. They agree and affirm in principle that there is only one ecumenical movement, while in practice they sometimes find themselves in conflict or competition with one another. The WCC has been engaged in active dialogue with Pentecostals, Evangelicals and Independent churches and for more than thirty years with the Roman Catholic Church. These different relationships have so far not been coordinated and linked with the ongoing ties of association with national councils of churches and regional conferences. Recently the WCC has recognized the working relationships with a variety of international ecumenical organizations as constitutive partners in the ecumenical movement.

The proposal of an ecumenical forum is intended to extend the ecumenical table in the sense of developing a praxis of fellowship without structural limitations and conditions. So far, the modalities of this proposal have not yet been developed, and the process of exploring its viability with the main ecumenical partners is still under way. It might be advisable to start the implementation of the forum proposal on the regional or even national level before extending it to the global level. In any case, however. the list of those invited to this extended ecumenical table should go beyond the "heads of churches" and include all parts of the people of God.

There is one convincing example of an extended ecumenical table which has been growing in significance: the World Day of Prayer. It has succeeded in bringing together members of all Christian traditions, in their majority women, for concerted ecumenical action and prayer. This would suggest that structural arrangements are of less importance in extending the ecumenical table than are simple symbolic acts which can serve as crystallizing foci for the manifestation of ecumenical fellowship. ■

# ''ക്രൂശിൻെറ മാർഗ്ഗം ത്യാഗത്തിൻെറയും, സഹനത്തിൻെറയും മാർഗ്ഗം''

ചരിത്രപ്രസിദ്ധമായ പമ്പാനദിയുടെ കുഞ്ഞോളങ്ങളെ തഴുകി ഉറങ്ങുന്ന വിസ്തൃതമായ മാരാമൺ മണൽപ്പുറത്ത് തിരുവചനത്തിൻെറയും ആത്മാവിൻെറയും ചൈതന്യം ഉയർത്തിക്കൊണ്ട് നൂറ്റിമൂന്നാമത് മാരാമൺ കൺവൻഷന് തുടക്കമായി. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

103 -ാമത് മാരാമൺ കൺവൻഷൻ 103-ാം സങ്കീർത്തനം വായിച്ച് ആരംഭിക്കാം എന്നു തിരുമേനി പറഞ്ഞു. പ്രാരംഭ സമ്മേളനത്തിൻെറ ചിന്തയ്ക്ക് യോഹ.12:32 അടിസ്ഥാനമാക്കി ''ഞാനോ ഭൂമിയിൽ നിന്ന് ഉയിർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്ക് ആകർഷിക്കും.'' യേശുവിങ്കലേക്ക് ഏവരേയും ആകർഷിക്കുവാനാണ് ഈ കൺവൻഷൻ ഉദ്ദേശമിട്ടിരിക്കുന്നത്. സർവ്വശക്തനായ ദൈവത്തിൻെറ പുത്രനാണ് ഇതു പറയുന്നത്. മൂന്നു കാര്യങ്ങൾ ഇവിടെ നാം കാണുന്നു.

1. ഇത് ക്രൂശാരോഹണത്തെപ്പറ്റിയുള്ള ചിന്ത നൽകുന്നു. ക്രൂശിൻെറ ദർശനമാണ് മനുഷ്യനെ സകല നന്മയിലേക്കും നയിക്കുന്ന ഏക മാർഗ്ഗം. ക്രൂശ്



***ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ***

മാത്രമാണ് നമ്മുടെ പ്രശംസ. ക്രൂശിലെ മരണത്താൽ സകല മനുഷ്യർക്കും പാപത്തിൽ നിന്ന് മോചനം ലഭിച്ചിരിക്കുന്നു. സർവ്വലോകത്തിൻെറയും പാപപരിഹാര ബലിയാണ് ക്രൂശിൽ നിർവ്വഹിച്ചത്. ശിക്ഷാവിധിയിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ ക്രൂശിനെ ഉയർത്തിയിരിക്കുന്നു.

2. ക്രൂശിലെ സ്നേഹം മാത്രമാണ് ലോകത്തെ ജയിക്കുന്നത്. സ്വയത്യാഗവും സ്നേഹപൂർവ്വമായ സേവനവും ഇന്നാവശ്യമായിരിക്കുന്നു. ഇന്നത്തെ ലോകം അധികാരമോഹം നിറഞ്ഞതാണ്. ഭാരതത്തിൻെറ സ്വാതന്ത്ര്യ സമരചരിത്രം നമ്മെ ഓർമ്മപ്പെടുത്തുന്നത് സഹനത്തിൻെറയും ത്യാഗത്തിൻെറയും മാർഗ്ഗത്തെയാണ്. സ്നേഹത്തിൻെറയും സഹനത്തിൻെറയും മാർഗ്ഗം മാത്രമാണ് ജയിക്കുന്നത്. ഇന്നത്തെ ലോകത്തിന് ഇത് അപരിചിതമായിരിക്കുന്നു. ഇതിൽ നിന്ന് ഒരു മാറ്റം നമുക്കാവശ്യമായിരിക്കുന്നു. അതാണ് ഉയർത്തപ്പെട്ട ക്രൂശ് നൽകുന്ന സന്ദേശം. സഹനത്തിൻെറയും ത്യാഗത്തിൻെയും സ്നേഹത്തിൻെറയും മാർഗ്ഗം.

3. ഇത് എല്ലാവരെയും ആകർഷിക്കുന്നതാണ്. യേശുവുമായുള്ള ബന്ധത്തിൽ വന്നവർ. ആ ബന്ധം ശക്തിപ്പെടുത്തി മറ്റുള്ളവരെയും അവങ്കലേക്ക് ആകർഷിക്കണം. ഭാരതത്തിൻെറ അനേകഗ്രാമങ്ങൾ ഉയിർത്തപ്പെട്ട ക്രൂശിൻെറ സന്ദേശത്തിലേക്ക് ഇനിയും ആകർഷിക്കപ്പെടാനുണ്ട്. ആ ദൗത്യം ഏറ്റെടുക്കുവാൻ അനേക യുവജനങ്ങൾ എഴുന്നേൽക്കുവാൻ ഈ യോഗങ്ങൾ ഇടയാകണം. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലേക്കു സുവിശേഷവുമായി പോകുവാൻ, അവിടെ സുവിശേഷസാക്ഷികളായി ജീവിക്കുവാൻ, സുവിശേഷത്തിനുവേണ്ടി ഇല്ലാതായി തീരുവാൻ ഒരു ഭവനത്തിൽ നിന്ന് ഒരാൾ എങ്കിലും തയ്യാറായിത്തീരണം. ഈ തീരുമാനത്തിനുള്ള ശക്തി ദൈവാത്മാവു നമുക്കു നൽകട്ടെ. പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തിനായി നമ്മെ വിധേയപ്പെടുത്താം എന്നു പറഞ്ഞ് തിരുമേനി ഉദ്ഘാടന പ്രസംഗം അവസാനിപ്പിച്ചു.

ഒരു ലക്ഷത്തിലധികം പേർക്ക് ഇരിക്കുന്നതിന് സൗകര്യമുള്ള വിശാലമായ പന്തലും മണൽപ്പുറവും നിറഞ്ഞു കവിഞ്ഞ വിശ്വാസികളുടെ ഹൃദയങ്ങളിൽ ആത്മീക ചൈതന്യത്തിൻെറ മാറ്റൊലികൾ നൽകിക്കൊണ്ട് രണ്ടു മണിക്ക് മുഴങ്ങിയ മണിനാദത്തെ തുടർന്ന് റവ. ഏബ്രഹാം ലിങ്കൺ പ്രാർത്ഥിച്ച് ആരംഭിച്ച ഗാനശുശ്രൂഷയായിരുന്നു കൺവൻഷൻെറ തുടക്കം.



**Rt. Rev. Dr. Philipose Mar Chrysostom**
**Suffragan Metropolitan**

# യേശുവും സ്ത്രീകളും

ക്രിസ്തു നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത് നമ്മുടെ സമ്പൂർണ്ണമായ പരിവർത്തനമാണ്. പുരുഷന്മാരെപ്പോലെ സ്ത്രീകളും ദൈവത്തിന്റെ മക്കളാണെന്ന് യേശു പലപ്പോഴും ഊന്നി പറഞ്ഞിരുന്നു. ദൈവരാജ്യപ്രവർത്തനത്തിന് ഉത്തമമായ നേതൃത്വം നൽകുന്നതിൽ നിന്ന് സാമൂഹ്യമായ വിലക്കുകൾ അവരെ പിന്തിരിപ്പിച്ചു. പുരുഷന്മാർക്ക് സ്ത്രീകളോടുണ്ടായിരുന്ന മനോഭാവത്തെ മാറ്റുവാൻ പലപ്പോഴും കർത്താവ് ശ്രമിച്ചു.

എന്തായിരുന്നു അവരുടെ പരാധീനത?

**1) ആശ്രയത്വം**

സ്ത്രീകൾ എന്നും പിതാക്കന്മാരിലോ, ഭർത്താക്കന്മാരിലോ, മക്കളിലോ ആശ്രയിച്ചുകഴിയേണ്ടിയിരുന്നു. ഭർത്താക്കന്മാർക്ക് ഭാര്യമാരെ ഉപേക്ഷിക്കാമായിരുന്നു. മറിച്ച് സാദ്ധ്യമല്ലായിരുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസം സാദ്ധ്യമായിരുന്നില്ല. സിനഗോഗുകളിൽ അവർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. നീതിന്യായകോടതിയിൽ വ്യവഹാരം നടത്തുവാൻ അവരെ അനുവദിച്ചിരുന്നില്ല, എന്തിനേറെ സാക്ഷികളാകുവാനും. പലപ്പോഴും സ്ത്രീകളെ അശുദ്ധരായി കണക്കാക്കപ്പെട്ടിരുന്നു. അവർക്ക് പൊതുചടങ്ങുകളിൽ സ്ഥാനമുണ്ടായിരുന്നില്ല.



*റൈറ്റ് റവ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം*
*സഫ്രഗൻ മെത്രാപ്പോലീത്താ*
*(സുവിശേഷസംഘം പ്രസിഡൻറ്)*

**വേദഭാഗം : യോഹ. 4: 7, 9, 10**

ഇപ്രകാരമുള്ള വിവേചനത്തിനു സാമ്പത്തിക, സാമൂഹ്യ അനീതിക്കുമെതിരായി കർത്താവിൻെറ ഹൃദയം വ്യാകുലപ്പെട്ടു. ഉദാഹരണമായി ചില വേദഭാഗങ്ങൾ ശ്രദ്ധിക്കാം. ലൂക്കോ. 10: 2-12. ഭർത്താക്കന്മാർക്കു ഭാര്യയെ ഉപേക്ഷിക്കാൻ അവസര മുള്ളപ്പോളാണ് കർത്താവ് ഇതു പറഞ്ഞത്. പുരുഷൻ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരാളെ വിവാഹം കഴിച്ചാൽ നാലുപേരെ വ്യഭിചാരികളാക്കുകയാണ് എന്നാണ് കർത്താവ് പറയുന്നത്. ഈ പ്രസ്താവന മറ്റുള്ളവരുടെ അപ്രീതിക്കു കാരണമായിക്കാണണം. ലൂക്കോ 20: 46,47. ആൺമക്കളില്ലാത്തതുകൊണ്ട് സ്വത്തിൽ അവകാശം നഷ്ടപ്പെട്ട വിധവകളെപ്പറ്റിയാണിത്. യോഹ. 8- ൽ വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീ പിടിക്കപ്പെടുന്നതിനെപ്പറ്റി പറയുന്നു. എന്നാൽ കർത്താവ് അവരുടെ പാപങ്ങളിലേക്കു വിരൽ ചൂണ്ടുകയാണ് ചെയ്യുന്നത്. കർത്താവ് അവളെ ആശ്വസിപ്പിച്ചയയ്ക്കുന്നു. ചില വ്യഭിചാരിണികളെങ്കിലും ഈഅവസരത്തിൽ വെല്ലുവിളിക്കപ്പെട്ടു കാണും. പൂർണപരിവർത്തനം.

കർത്താവിൻെറ വചനം കേൾക്കുവാൻ എവിടെയും സ്ത്രീകൾ കൂട്ടമായി വന്നിരുന്നു. കർത്താവ് അവരോട് അവരുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറഞ്ഞത്. അവരുടെ ദൈനംദിന ജീവിതത്തിലെ ദുഃഖങ്ങളെ അറിയുന്നവനായിരുന്നു കർത്താവ്. തൻെറ അടുക്കൽ കൊണ്ടുവന്ന കുഞ്ഞുങ്ങളെ അനുഗ്രഹിച്ച് 'ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ' എന്നു കർത്താവ് പറഞ്ഞു. തൻെറ മകൾക്കു സൗഖ്യം ലഭിക്കുന്നതുവരെ ഒരു പുറജാതിക്കാരി അവനെ പിൻചെന്നു. രക്തസ്രാവക്കാരി രഹസ്യമായി അവനെ പിൻചെല്ലുന്നു. നിയമം ലംഘിക്കുകയാണെന്ന് അവൾ ഭയപ്പെട്ടില്ല. പ്രത്യാഘാതങ്ങളിലുള്ള ഭയത്തേക്കാൾ കർത്താവിലുള്ള വിശ്വാസത്തിനാണ് അവൾ പ്രാമുഖ്യം നൽകിയത്. കർത്താവ് അവളെ സൗഖ്യമാക്കി ആശ്വസിപ്പിച്ചു. യേശു കൂനിയായ ഒരു സ്ത്രീയെ സൗഖ്യമാക്കുവാൻ ശബത്ത് നിയമങ്ങൾ ലംഘിക്കുന്നുണ്ട്.

യേശു പറഞ്ഞു.അവളും അബ്രഹാമിൻെറ മകളാണ്. ഒരിക്കലും സ്ത്രീകൾ അബ്രഹാമിൻെറ മക്കളാണെന്ന് യഹൂദന്മാർ കരുതിയിരുന്നില്ല. അവൾ പരസ്യമായി സംസാരിക്കാൻ അനുവാദമില്ലെന്ന കാര്യം മറന്ന് ശബ്ദമുയർത്തി കർത്താവിനെ സ്തുതിക്കുന്നു. നിൻെറ അമ്മ ഭാഗ്യവതിയാണ് എന്നു പറഞ്ഞ സ്ത്രീ നല്ല ഒരു മകനുണ്ടാവുന്നത് ആണ് മാന്യത എന്നാണ് കരുതിയത്. അവളോട് കർത്താവ്, വചനം അവൾ തന്നെ പഠിക്കുവാൻ ആവശ്യപ്പെടുന്നു.

ലൂക്കോ: 8:1-3 'ൽ, വിശ്വസ്തരായി കർത്താവിനെ അനുധാവനം ചെയ്ത ഒരു കൂട്ടം സ്ത്രീകളെപ്പറ്റി പറയുന്നു. അവർ കർത്താവിനെയും ശിഷ്യന്മാരെയും ശുശ്രൂഷിച്ചിരുന്നു. അവരുടെ ആതിഥേയത്വം സ്വീകരിക്കുമ്പോൾ കർത്താവ് ശിഷ്യത്വത്തെപ്പറ്റി അവരോട് പഠിപ്പിച്ചു. ആദി മുതൽ അവസാനം വരെ അവർ കർത്താവിനോടൊപ്പമുണ്ടായിരുന്നു. (മത്താ. 27:55, മർക്കോ. 14:51; ലൂക്കോ. 25:55; 2 യോഹ. 19:25) യേശു തൻെറ പുനരുത്ഥാനത്തിൻെറ ആദ്യസാക്ഷികളായി സ്ത്രികളെ തിരഞ്ഞെടുത്തതിൽ അത്ഭുതമില്ല. കർത്താവിനെ കണ്ടതിനുശേഷം അവർ പുതിയ വ്യക്തികളായി മാറി.

കർത്താവ് നമുക്ക് പുതയ അത്ഭുതങ്ങൾ നല്കുന്നവനാണ്. ജീവനുള്ള ദൈവത്തെക്കുറിച്ച് കർത്താവ് പറഞ്ഞപ്പോൾ അവൾ പറഞ്ഞത് കിണറ്റിലെ വെള്ളത്തെപ്പറ്റിയാണ്. ജീവനുള്ള വെള്ളം കുടിക്കുന്നവനിൽ നിന്ന് നിത്യജീവനിലേക്കു പൊങ്ങിവരുന്ന നീരുറവകൾ വരും എന്നവൾ കേൾക്കുന്നു. തന്നെപറ്റി എല്ലാ രഹസ്യങ്ങളും യേശു അറിയുന്നു എന്ന് അവൾ മനസ്സിലാക്കുന്നു. ഓരോ ഭർത്താവും ഉപേക്ഷണപത്രം എഴുതി അവളെ ഉപേക്ഷിച്ചതായിരിക്കണം. തൻെറ കഷ്ടാവസ്ഥയെപ്പറ്റി കർത്താവ് അറിയുവാൻ അവൾ ആഗ്രഹിച്ചിരുന്നില്ല. അവൻ എല്ലാം അറിയുന്നു എന്നതുകൊണ്ട് അവൻ ഒരു പ്രവാചകനായിരിക്കാം എന്ന് അവർ കരുതി. സംഭാഷണമദ്ധ്യേ, താനാണ് മശിഹാ എന്ന് യേശു വെളിപ്പെടുത്തുന്നു. ദേവാലയത്തിലോ മലയിലോ അല്ല, സത്യത്തിലും ആത്മാവിലുമാണ് ദൈവത്തെ ആരാധിക്കേണ്ടതെന്ന അവൻ വിശദീകരിക്കുന്നു.

വാ. 28:- ജീവജലത്തിൻെറ നീരുറവ അവളുടെ ഉള്ളിൽ നിന്ന് പൊങ്ങിവരുമ്പോൾ അവൾ പട്ടണത്തിലേക്ക് ഓടിപ്പോയി.

വാ. 29:- അത് ഒരു സംശയത്തിൻെറ ചോദ്യമല്ല; ഒരു പ്രഖ്യാപനമാണ്. അവൻ ക്രിസ്തുതന്നെയാണ്. വ്യഭിചാരിണിയായ സ്ത്രീക്കുണ്ടായ സമ്പൂർണ്ണമായ രൂപാന്തരമാണ് അവർ കാണുന്നത്. അവളുടെ വാക്കുകൾ വിശ്വസിച്ച് അവർ പ്രവർത്തിച്ചു. കർത്താവ് ശമര്യക്കാരുടെയിടയിലേക്ക് കർത്താവ് അവളെ അയയ്ക്കുകയായിരുന്നു.

ഓരോ ഘട്ടത്തിലും നമ്മെ അത്ഭുതപ്പെടുത്തുന്നവനാണ് കർത്താവ്. ഒരു പക്ഷേ എല്ലാം മനസ്സിലാക്കാൻ കഴിയില്ല; എന്നാൽ കർത്താവ് നമ്മോട് ആവശ്യപ്പെടുന്ന പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ ദൈവരാജ്യത്തിൻെറ വേല നിവർത്തിക്കുവാൻ സാധ്യമല്ല. നമ്മുടെ ഇഷ്ടമായതുകൊണ്ടല്ല, ദൈവത്തിൻെറ വിളി ആയതു കൊണ്ടാണ് ഇത് നാം അനുസരിക്കുന്നത്. ●

# വിളിയും തിരഞ്ഞെടുപ്പും അനുദിന ജീവിതാനുഭവമാക്കുക

**വേദഭാഗം : 2 പത്രോസ് 1: 10 -11**

"അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യ രാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും."

പത്രോസ് അപ്പോസ്തോലന്റെ ജീവിതത്തിന്റെ അന്ത്യാഭിലാഷമായി ഇതിനെ വിശേഷിപ്പിക്കാം. സംഭവബഹുലമായ ഒരു ജീവിതത്തിന്റെ സായം സന്ധ്യയിൽ തന്നെ സ്നേഹിച്ചവർക്കു നല്കുന്ന സന്ദേശമാണ് ഇത്. യാക്കോബ് തന്റെ ജീവിത സായാഹ്നത്തിൽ ഇപ്രകാരം പറയുന്നു. 'എന്റെ ജീവിത്കാലം മുഴുവനും എന്നെ കാത്തുപരിപാലിച്ച എന്റെ ദൈവം' എന്ന്. ദാവീദ് 62-ാം സങ്കീർത്തനത്തിൽ ഇപ്രകാരം പറയുന്നു. 'ജനമേ എല്ലാ കാലത്തും അവനിൽ ആശ്രയിപ്പിൻ' ഇവിടെ പത്രോസ് ശ്ലീഹാ പറയുന്നു. 'നിങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുവിൻ'. പല പരിഭാഷകളിൽ ഏറ്റവും അനുയോജ്യമായത് ഇങ്ങനെയാണ്; 'നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും അനുദിന ജീവിതാനുഭവമായിരിക്കുവാൻ ജാഗ്രത പുലർത്തുക'. ഇതിന്റെ പശ്ചാത്തലത്തിൽ ചില ചിന്തകൾ പങ്കിടാം.

**1) സംവിധാനം ചെയ്തു സൂക്ഷിക്കുക:**

ദൈവം മനോഹരമായ,സാദ്ധ്യതകളേറിയ, വിഭവ സമൃദ്ധിയാൽ സമ്പന്നമായ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചു. സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ കരങ്ങളിൽ ഈ പ്രപഞ്ചത്തെ നല്കി ഈ പ്രപഞ്ചത്തെ സംവിധാനം ചെയ്ത് സൂക്ഷിച്ചുകൊൾക എന്ന പ്രബോധനവും നല്കി. ചില പരിഭാഷകളിൽ വേല ചെയ്ത് തോട്ടം സൂക്ഷിപ്പാനാക്കി എന്നു കാണുന്നു. കിംഗ് ജെയിംസ് വേർഷനിൽ " you dress it and keep it"എന്നു കാണുന്നു. അവകാശങ്ങളും പദവികളും നല്കി ഉത്തരവാദിത്വത്തോടുകൂടി പ്രപഞ്ചത്തെ മനുഷ്യകരങ്ങളിൽ ഏല്പിച്ചു. നമ്മുടെ അവകാശങ്ങളും പദവിയും സംരക്ഷി ക്കുകയും ഉത്തരവാദിത്വത്തെക്കുറിച്ച് ജാഗ്രതയുള്ളവരായിരിക്കുകയും ചെയ്യുക.

കേരള ജനത അവകാശത്തെക്കുറിച്ചും പദവിയെക്കുറിച്ചും അവബോധമുള്ളവർ ആണ് എന്നാൽ ഉത്തവാദിത്വത്തെക്കുറിച്ച് യാതൊരു ബോധവുമില്ലാത്തവരാണ് എന്ന് യു. ആർ. അനന്തമൂർത്തി അഭിപ്രായപ്പെടുന്നു. വിളിയും തെരഞ്ഞെടുപ്പും അനുദിന ഉത്തരവാദിത്വങ്ങളുമായുള്ള ബന്ധത്തിൽ കാത്തുസൂക്ഷിക്കണം എന്നാണ് പത്രോസ് അപ്പോസ്തോലൻ ഓർമ്മിപ്പിക്കുന്നത്. സൃഷ്ടിയെക്കൂടുതൽ മനോഹരമാക്കുവാനും ആരോഗ്യമുള്ളതാക്കുവാനും ഫലപൂർണ്ണമാക്കുവാനുമാണ് നമ്മുടെ ഉത്തരവാദിത്വം. (Make it more beautiful, more healthy and more beautiful) ഒരു ചെടി മനോഹരമാക്കുന്നതിന് വളം ഇട്ടാൽ മാത്രം പോരാ അതിനെ സംവിധാനം ചെയ്യണം. ഈ പ്രപഞ്ചത്തെ ഫലദായകമാക്കാൻ ദൈവം നമ്മെ തെരഞ്ഞെടുത്തിരിക്കുന്നു. ഈ പ്രപഞ്ചത്തെ സംവിധാനം ചെയ്തു കാത്തു സൂക്ഷിക്കുക.

**2) ദൈവരാജ്യത്തിന്റെ സാക്ഷികളായിരിക്കുക**

നാം ദൈവത്തെ സ്നേഹിച്ചതല്ല മറിച്ച് ദൈവം നമ്മെ സ്നേഹിച്ചു. നാം ദൈവസ്നേഹത്തിലേക്കു കടന്നുവരണം. ദൈവസ്നേഹത്തിന്റെ ഉൾച്ചൂട് അറിഞ്ഞ് ദൈവത്തോട് പ്രത്യുത്തരം പറയുന്നതാണ് ആത്മീയതയുടെ ധന്യത. നാം ദൈവസ്നേഹത്തിലേക്ക് വരുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

**ജീവിതത്തിന്റെ ധന്യത മറ്റുള്ളവരുമായി പങ്കിടുക**

പങ്കിടലിന്റെ ആത്മാവിൽ വളർന്ന വരുവാനാണ് ദൈവസ്നേഹം നമ്മെ ആഹ്വാനം ചെയ്യുന്നത്. പങ്കിടൽ വ്യക്തതയുള്ളതായിരിക്കണം. വ്യക്തതയില്ലാത്തതുകൊണ്ടാണ് പല കുടുംബങ്ങളിലും പ്രശ്നങ്ങൾ ഉണ്ടാകുന്നത്. വാക്കു പാലിക്കാത്തവർ വാക്കു പാലിക്കുന്നവരെ സംശയിക്കുന്നു. സ്പടിക തുല്യമായ വ്യക്തത പങ്കിടലിനുണ്ടാകണം. ത്യാഗമില്ലാത്ത പങ്കിടൽ അപൂർണ്ണമാണ്.



**ജീവിതത്തെ അറിയുവാനായി യേശുവിനോടുകൂടി നമ്മുടെ സ്വന്തജീവിതത്തിലേക്കു പ്രവേശിക്കുക**

യേശുവിനോടുകൂടെ നടന്ന് നമ്മുടെ ജീവിതത്തിൽ പ്രവേശിക്കുക. അപ്പോൾ മാത്രമേ നമ്മുടെ ജീവിതത്തിന്റെ പാകപ്പിഴകൾ തിരിച്ചറിയാൻ കഴിയുകയുള്ളൂ. സക്കായി യേശുവിനെ കാണാൻ ആഗ്രഹിച്ചു. അതിനായി ഒളിസ്ഥലത്തിരുന്ന സക്കായിയെ യേശു വിളിക്കുന്നു. ആദാമും ഹവ്വായും പരാജയപ്പെട്ടിടത്ത് സക്കായി വിജയിക്കുന്നു. സക്കായി ഇറങ്ങി വന്ന് യേശുവിനോടൊപ്പം നടന്നപ്പോൾ പങ്കിടലിന്റെ യഥാർത്ഥ്യം മനസ്സിലാക്കി. കർത്താവിനോടുകൂടെ സ്വന്തജീവിതത്തിലേക്കു നടക്കുമ്പോൾ മാത്രമേ തകർന്ന ജീവിത യാഥാർത്ഥ്യങ്ങളെ കാണുവാൻ കഴിയുകയുള്ളൂ.

നാം ആരാകുന്നു? എന്താകുന്നു? എവിടെയാകുന്നു എന്ന ചോദ്യങ്ങൾക്ക് നാം ഉത്തരം കണ്ടെത്തണം. ഈ ചോദ്യങ്ങളുടെ ഉത്തരം ബേദ്ലഹേമിലെ കാലിത്തൊഴുത്തിലെ ശിശുവിന്റെ അടയാളത്തിലാണ് നാം കാണുന്നത്. ഒരു ശിശുവിനെപ്പോലെ സ്വയം വളരുവാൻ കഴിയാത്തവരാണ് നാം. പിറന്നു വീഴുന്ന കുട്ടിക്ക് ചൂട് ലഭിക്കുവാൻ ശീലയിൽ പൊതിയുന്നു. നാം കൃപയിൽ പൊതിയപ്പെട്ടവരാണ്. നാം എവിടെ ആയിരിക്കേണ്ടവരാണ് എന്ന് ഓർക്കണം. നാം നമ്മേ തന്നെ ദൈവത്തോടൊപ്പം കണ്ടെത്തണം. (you discover yourself together with God) അപ്പോൾ നമ്മുടെ ജീവിതത്തിൽ അനുതാപം ഉണ്ടാകും. ഈ അനുതാപം നിരപ്പിന്റെ ആവശ്യകതയെക്കുറിച്ച് നമ്മുക്ക് അവബോധം നല്കും. നിരപ്പ് മൂന്നു രംഗങ്ങളിൽ ഉണ്ടാകണം.

1) ദൈവത്തോടുള്ള ബന്ധത്തിൽ

2) സമസൃഷ്ടങ്ങളോടുള്ള ബന്ധത്തിൽ

3) പ്രപഞ്ചം / ചുറ്റുപാടുകളോടുള്ള ബന്ധത്തിൽ

മനുഷ്യൻ ദൈവകല്പന ലംഘിച്ചിട്ടും ദൈവം അവനെ തേടിവന്നു. എന്നാൽ മനുഷ്യനോ ഒളിച്ചിരിക്കുവാൻ ആഗ്രഹിച്ചു. ദൈവമുഖത്തേക്ക് നോക്കുവാൻ ലജ്ജിക്കുന്നവരാണ് ഇന്നത്തെ മനുഷ്യർ.

പുണ്യദിനങ്ങളിലും, പുണ്യസ്ഥലങ്ങളിലും മാത്രം ദൈവത്തെ കാണുവാനാണ് നമുക്ക് ഇഷ്ടം. നമ്മുടെ ദൈവവുമായുള്ള ബന്ധം ഇന്ന് എപ്രകാരം. സക്കായി യഥാർത്ഥ അനുതാപത്തിലേക്കു മടങ്ങി വന്നപ്പോൾ യഥാർത്ഥ നിരപ്പിന്റെ അനുഭവത്തിലേക്ക് പ്രവേശിച്ചു.

ദൈവത്തോടുള്ള ബന്ധം തകർന്നപ്പോൾ സമസൃഷ്ടിയോടുള്ള ബന്ധവും തകർന്നു ജീവിൻ നിലനിർത്തുവാൻ തക്കവണ്ണം ദൈവം സൃഷ്ടിച്ച ഈ ഭൂമിയുടെ പാരസ്ഥിതിക സ്ഥിരതയെ തകിടം മറച്ചിരിക്കുന്നു. നിരപ്പിന്റെ അനുഭവം സമസൃഷ്ടങ്ങളോടും ഉണ്ടാകണം. പാപമില്ലാത്തവൻ പാപികളായ നമുക്കു വേണ്ടി പാപത്തിന്റെ കൂമ്പാരമേറ്റ് നമ്മെ വിമോചിതരാക്കി കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായ ദൈവപുത്രൻ നമുക്ക് നിത്യരക്ഷയുടെ കാരണഭൂതനായി. മാനവികത നഷ്ടപ്പെട്ടവരെ മാനവികതയിലേക്ക് മടക്കിവരുത്തുന്നതാണ് ഈ വീണ്ടെടുപ്പിന്റെ അനുഭവം.

കഴിഞ്ഞകാലങ്ങളെ ഓർക്കാതെ ഇന്നിന്റെ സാധ്യതകളെക്കണ്ട് ദൈവരാജ്യത്തിന് പങ്കാളികളാകാൻ നമ്മെ വിളിച്ചിരിക്കുന്നതാണ് സുവാർത്ത. വീണ്ടെടുക്കപ്പെടുമ്പോഴാണ് പാപക്ഷമയുടെ ആനന്ദം നമുക്കുണ്ടാകുന്നത്. പാപത്തിന്റെ ദാസ്യവൃത്തി നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാണെങ്കിൽ ലജ്ജകൂടാതെ ദൈവമുഖത്തേയ്ക്ക് നോക്കിക്കൊണ്ട് പാപത്തെ ഏറ്റ് പറയുന്നതാണ് പാപക്ഷമയുടെ ആനന്ദം. അപ്പോഴാണ് ദൈവമക്കളാകുന്നതിന്റെ അനുഭവം സ്വായത്തമാക്കുവാൻ നമുക്കു സാധിക്കുന്നത്. ഇത് ഒരു അനുദിന ജീവിത അനുഭവമായിരിക്കണം.

ദൈവമക്കൾക്ക് ആരോപണരഹിതരായി കൃപയുടെ സിംഹാസനത്തിനുമുമ്പാകെ നില്ക്കുവാൻ സാധിക്കും എന്നാണ് പൗലോസ് അപ്പോസ്തോലൻ പറയുന്നത്. ഒരു പുതിയ നൂറ്റാണ്ടിന്റെയും, സഹസ്രാബ്ദത്തിന്റെയും ആരംഭത്തിൽ നമുക്കുള്ള ആഹ്വാനം ഇതാണ്. ദൈവത്തിങ്കലേക്ക് തിരിയുക, പ്രത്യാശയിൽ ആനന്ദിക്കുക.

ദൈവത്തിലേക്കു തിരിയുമ്പോൾ അനുതാപവും, മാനസാന്തരവും, രൂപാന്തരവും ഉണ്ടാകേണ്ടതാവശ്യമാണ്. അങ്ങനെ ദൈവത്തെ മഹത്വപ്പെടുവാൻ നമുക്ക് ഇടയാകണം. ●

# ദൈവരാജ്യത്തിന്റെ ആഘോഷം

## (Celebration of the Kingdom)

വെളിപ്പാട് 19.

വേദപുസ്തകത്തിലെ ഏറ്റവും നാടകീയമായ അദ്ധ്യായമാണിത്. ഈ ഭാഗത്ത് പറഞ്ഞറിയിക്കാനാവാത്ത സന്തോഷത്തെപ്പറ്റിയാണ് കാണുന്നത്. സർവ്വപ്രപഞ്ചവുമുൾക്കൊള്ളുന്ന വലിയ ആഘോഷത്തിന്റെ ചിത്രമാണ് ഇത്.

''സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷംപോലെ കേട്ടത്. ഹല്ലേലുയ്യാ ! രക്ഷയും ശക്തിയും മഹത്വവും നമ്മുടെ ദൈവത്തിനുള്ളത്'' (വെളിപ്പാട് 19:1).

എണ്ണിക്കൂടാതവണ്ണം അസംഖ്യമായിരുന്നു ഈ പുരുഷാരം. ഇതിൽ ലോകത്തിന്റെ സകല ഭാഗത്തുനിന്നും ഉള്ള ജനങ്ങൾ ഉണ്ടായിരുന്നു. അവർ ഒരേ മനസ്സോടെ, ഒരേ ഹൃദയത്തിൽ, ആത്മാവിൽ, ഭാഷയിൽ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. 'ഹല്ലേലൂയ്യാ'.

പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും തകർത്ത ഇടിമുഴക്കം പോലെയും ഗംഭീരമായിരുന്നു ആ ശബ്ദം. (വാക്യം 6). എന്തുകൊണ്ടാണ് അവർ ഇത്ര സന്തുഷ്ടരായിരുന്നത് ?

1. നമ്മുടെ ദൈവം വാഴുന്നു (വാക്യം 6)

(Our Lord Almighty Reigns) ദൈവരാജ്യം അതിന്റെ മൂർത്തതയിൽ എത്തിച്ചേർന്നിരിക്കുന്നു.

2. കുഞ്ഞാടിന്റെ കല്യാണം വന്നു (The wedding of the lamb has come) (വാക്യം 7)

3. ഏറ്റവും വലിയ ഒരു വിരുന്നു നടക്കുന്നു (വാക്യം 9)

അതിലേക്കാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. എത്ര ഭാഗ്യകരമായ അവസ്ഥ ! സ്വർഗ്ഗത്തിൽ ഈ 'ഹല്ലേലൂയ്യാ' എത്ര അത്ഭുതകരമായിരിക്കും ! സാധാരണക്കാരായ നമ്മെ ഏറ്റവും പ്രധാനപ്പെട്ട വിരുന്നിലേക്ക് രാജാക്കന്മാരുടെ രാജാവും കർത്താധികർത്താവുമായ യേശു ക്ഷണിച്ചിരിക്കുന്നത്. ''കുഞ്ഞാടിന്റെ കല്യാണ വിരുന്നിനു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ'' (വാക്യം 9).

എങ്ങനെയാണ് നമുക്ക് ക്ഷണം ലഭിക്കുന്നത്? യേശു മറ്റു ചിലരോടൊപ്പം കഴിച്ച മറ്റൊരു വിരുന്നിനെപ്പറ്റി വേദപുസ്തകം പറയുന്നുണ്ട്. അത് വരാനിരിക്കുന്ന ആ വലിയ വിരുന്നിന്റെ മുന്നനുഭവമാണ്. (ലൂക്കോ. 15:1-10). ദൈവരാജ്യത്തിന്റെ സന്ദേശം കർത്താവ് എപ്പോൾ പറഞ്ഞാലും ജനങ്ങൾ എവിടെ അതിനോടു പ്രതികരിച്ചാലും അതിനോടൊപ്പം ഒരു വലിയ ആഘോഷം ഉണ്ട്. അവിടെയെല്ലാം മിക്കപ്പോഴും ഒരു വലിയ വിരുന്നു നടക്കുന്നു. യേശു ഇവിടെ നടത്തുന്നത് സുവിശേഷീകരണത്തിന്റെ വലിയ ഉത്സവമാണ്. ഒരുപറ്റം ആളുകൾ തങ്ങളുടെ ആഘോഷം പങ്കിടുന്ന അനുഭവമാണ്. യേശു ക്രിസ്തുവിന്റെ കാഴ്ചപ്പാടിൽ മനുഷ്വത്വം പങ്കിടുന്ന ആളുകളാണ് ഇവർ.

യഹൂദന്മാരെ സംബന്ധിച്ചിടത്തോളം ഇവർ അതിർത്തികൾക്കുപുറത്തുള്ള അപ്രധാനികളായ സാധാരണ മനുഷ്യരായിരുന്നു. തിരുവെഴുത്തുകളെപ്പറ്റി പരിജ്ഞാനമില്ലാത്ത നിരക്ഷരകക്ഷികൾ, യഹൂദമതത്തിന്റെ മൂക്കിലടിക്കുന്ന ഒരു ദുർഗന്ധം മാത്രം, അവരുടെ മുമ്പിൽ ഒരു കറുത്ത അദ്ധ്യായം, എടുക്കാനാവാത്ത ഒരു ഭാരം മാത്രമായിരുന്നു അവർ. ദുഷ്ടന്മാരു ദൈവമില്ലാത്തവരുമായിട്ടാണ് അവർ അവരെ കണക്കാക്കിയത്. നാം പലപ്പോഴും പരസ്പരം താരതമ്യം ചെയ്താണ് നന്മതിന്മകൾ നിശ്ചയിക്കുന്നത്.

എന്നാൽ യേശുക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം അവർ യേശുവിന്റെ രക്ഷാപ്രവർത്തനത്തിന്റെ ഉദ്ദേശ്യവും തന്റെ കൃപയുടെ സ്വീകർത്താക്കളുമായിരുന്നു. അവർ കേവലം നഷ്ടപ്പെട്ടവർ മാത്രമല്ല, കണ്ടെടുക്കപ്പെടുവാൻ സാധ്യതയുള്ളവരാണ്; ദൈവത്തിൽ നിന്നും അകന്നു പോയവരാണ്. എന്നാൽ ദൈവത്തിലേക്കു മടങ്ങിവരുവാൻ സാധ്യതയുള്ളവരാണ്. പാപികളെ യേശു 'കാണാതെ പോയവ'രായിട്ടാണ് കണ്ടത്. അതുകൊണ്ടാണ് അവിടുന്ന് കാണാതെ പോയ ആടിന്റെ ഉപമ പറഞ്ഞത്. കണ്ടുകിട്ടിയപ്പോൾ ഇടയൻ സന്തോഷിച്ചുല്ലസിക്കുന്നു. മറ്റുള്ളവരോടൊപ്പം തന്റെ സന്തോഷം പങ്കുവെക്കുന്നു. കാണാതെപോയ ദ്രഹ്മയുടെ ഉപമയിലും ഇതു തന്നെയാണ് കാണുന്നത്.

യേശു കർത്താവ്, പാപത്തെ ദൈവത്തിൽ നിന്നും അകന്നിരിക്കുന്ന അവസ്ഥയായിട്ടാണ് കാണുന്നത്. ലൂക്കോ. 15:11-32-ൽ യേശു നഷ്ടപ്പെട്ട മകനെപ്പറ്റിയുള്ള പ്രസിദ്ധമായ ഉപമ പറയുന്നു. മകൻ പിതാവിൽ നിന്നും ഭവനത്തിൽ നിന്നും അകന്നുപോകുന്നു. നമ്മെ ദൈവത്തിൽ നിന്നകറ്റുന്നതാണ് പാപം. പിതാവിലേക്ക് നമ്മെ മടക്കിക്കൊണ്ടു വരുന്നതെന്തോ അതാണ് രക്ഷ.

യേശുകർത്താവിനെ സംബന്ധിച്ചിടത്തോളം ഇത് അടിസ്ഥാന മനുഷ്യവർഗ്ഗത്തിന്റെ രണ്ടു സ്വഭാവങ്ങൾ ഇവയാണ്.



*റൈറ്റ് റവ. ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പാ*

a) യേശുവിനു ചുറ്റും ഭ്രമണം ചെയ്യുന്ന മനുഷ്യ സമൂഹമാണ് (Revolving Humenity)

ലൂക്കോസ് 15:1 യേശുവിനു ചുറ്റും ജനങ്ങൾ കൂടി വരുന്നു. സൗരയൂഥത്തിൽ സൂര്യനുചുറ്റും ഗ്രഹങ്ങൾ കറങ്ങുന്നതുപോലെ ചുങ്കക്കാരും പാപികളും യേശുവിനു ചുറ്റും കൂടിവരികയാണ്. വീടോ ദേവാലയമോ, തടാകമോ, നദിക്കരയോ, യേശു എവിടെയായിരുന്നാലും അവർ അവന്റെ ചുറ്റും തടിച്ചുകൂടി. കാരണം കർത്താവ് തന്റെ സൗഖ്യദായകമായ ശ്രദ്ധകൊണ്ട് അവരെ ആകർഷിച്ചു. അവന്റെ സാന്നിദ്ധ്യവും, സമീപനവും, ആളത്വവും, വചനവും സൗഖ്യദായകമായിരുന്നു. അവരുടെ രോഗങ്ങളെയും തകർന്ന ഹൃദയങ്ങളെയും കർത്താവ് സൗഖ്യമാക്കി, ബന്ധങ്ങൾ പുനഃസ്ഥാപിച്ചു. ഏകാന്തതയിൽ നിന്ന് കർത്താവ് അവരെ വിടുവിച്ചു. അവനിൽ അവർ തങ്ങളുടെ അസ്തിത്വത്തിന് അർത്ഥം കണ്ടെത്തി. സ്വഭാവത്തിന്റെ സൗന്ദര്യം, ജീവിതത്തിന്റെ അഭിമാനം; മനുഷ്യത്വത്തിന്റെ പൂർണത ദൈവത്തിന്റെ മനസ്സലിവ് എന്നിവ അവർ അവനിൽ കണ്ടു; ജഡം ധരിച്ചു തങ്ങളോടൊപ്പം പാർക്കുന്ന ദൈവത്തെ അവർ യേശുവിൽ കണ്ടെത്തി. ഈ യേശു ദൈവമല്ലെങ്കിൽ പിന്നെ ആരാണ് ദൈവം ?

ദൈവത്തിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്ത ഈ ജനം ദീർഘനാളുകളായി നിശ്ശബ്ദമായി കരയുകയായിരുന്നു. (സങ്കീ. 42:1). അവരുടെ വിശപ്പിനെ ശമിപ്പിക്കുവാൻ ആർക്കും കഴിയമായിരുന്നില്ല. ദിശാബോധമില്ലാതെ അങ്ങമിങ്ങും അലയുകയായിരുന്നു അവർ. യഹൂദമതം അവരെ തള്ളിക്കളഞ്ഞിരുന്നു; പരീശന്മാരും ന്യായപ്രമാണവും അവരെ കരുതിയില്ല. അവർ മുറിവേറ്റ് രക്തം വാർന്നുകൊണ്ടിരുന്നു. കരഞ്ഞുകൊണ്ടിരുന്ന അവർക്ക് ആരും ഉത്തരം നല്കിയിരുന്നില്ല.

മലാഖി പ്രവാചകനുശേഷം നൂറ്റാണ്ടുകൾ ഈ നിശ്ശബ്ദതയായിരുന്നു. അതിനുശേഷം നസറേത്തിന്റെ തെരുവീഥിയിൽ നിന്ന് പ്രപഞ്ചത്തെ ഉൾക്കൊള്ളുന്ന അധികാരത്തോടെ ഒരു ശബ്ദം ഇങ്ങനെ പറഞ്ഞു. 'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളവരേ, എല്ലാവരും എന്റെ യടുക്കൽ വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും? അവർ ആ ശബ്ദം കേട്ട് യേശുവിന്റെ അടുക്കൽ കൂടി. അവൻ അവരെ സ്വീകരിച്ചു അവരെ വിടുവിച്ചു, ആശ്വസിപ്പിച്ചു. അവരോടൊപ്പം സന്തോഷം പങ്കിട്ടു.

യേശു അല്പം കൂടി ഉച്ചത്തിൽ അവരോട് പറഞ്ഞു. 'ദാഹിക്കുന്ന ഏവരും വിശക്കുന്നവരുമായുള്ളവരും എന്റെ അടുക്കൽ വരുവീൻ'.

കർത്താവിന്റെ വിളിയോട് അവർ പ്രതികരിച്ചു. യേശുവിന്റെ അടുത്തേക്ക് അവർ വന്നു. അവൻ അവരെ തൃപ്തരാക്കി; അവരോടുകൂടി വിരുന്നു കഴിച്ചു. ഒരുമിച്ച് അവർ തങ്ങളുടെ രക്ഷയെ ആഘോഷിച്ചു. അവൻ അവരോടുകൂടെ സമയം ചിലവഴിച്ചു.

സ്വയനീതികരണം നടത്തിയ യഹൂദന്മാർക്ക് ഇത് വലിയ പ്രശ്നമായിരുന്നു. എന്നാൽ ഇത് കർത്താവിന്റെ ദൗത്യവും ആഘോഷവുമായിരുന്നു.

2) ഇത് അനുതാപസ്ഥരായ മനുഷ്യസമൂഹം (Repentent Humanity)

ലൂക്കോ. 15:7. കാണാതെപോയ ആടിനെ കണ്ടെത്തിയപ്പോൾ എല്ലാവരും ഒരുമിച്ച് സന്തോഷിക്കുന്നു. അതിനുശേഷം യേശു പറയുന്നു. മാനസാന്തരം കൊണ്ട് ആവശ്യ

*Cont'd on next page*

## *മാരാമൺ കൺവൻഷൻ 1998 ഫെബ്രുവരി 20, വെള്ളി   സ്ത്രീകളുടെ ബൈബിൾ ക്ലാസ്സ്* 7.30 **a.m. - 8.30 a.m.**
### *റൈറ്റ് റവ ഡോ. കെന്നത്ത് എം. ജെ. ഫെർണാൻഡോ*

കർത്താവ് നമ്മോടു പറഞ്ഞ എല്ലാ കാര്യങ്ങളും സുഖപ്രദമല്ല. ആശ്വാസകരമായ പല കാര്യങ്ങളും യേശു പറഞ്ഞിട്ടുണ്ട്. എന്നാൽ അസുഖകരമായ കാര്യങ്ങൾ കേൾക്കുമ്പോൾ നാം അസ്വസ്ഥരാകാറുണ്ട്. നാം ചെയ്യുന്ന കാര്യങ്ങൾ ശരിയാണോ എന്ന് പരിശോധിക്കേണ്ടിവരുന്നത് നമുക്കിഷ്ടമില്ല, എന്നാൽ അവ പ്രയോജനകരമാണ്.

ലൂക്കോ. 15:3-35 വരെ വാക്യങ്ങൾ മൂന്ന് ഉപമകൾ കോർത്തിണക്കിയിട്ടുണ്ട്. കാണാതെ പോയ ദ്രഹ്മ, കാണാതെപോയ ആട്, നഷ്ടപ്പെട്ട മകൻ.

**കാണാതെ പോയ ദ്രഹ്മ** (ലൂക്കോസ് 15:8-10)

യഹൂദ സ്ത്രീകൾ ധരിക്കാറുണ്ടായിരുന്ന ഒരു തരം ശിരോവസ്ത്രത്തിൽ 10 ദ്രമകൾ കോർത്തിണക്കിയിട്ടിരുന്നു. ഇവിടെ ഒരു സ്ത്രീക്ക് ഒരു ദ്രഹ്മ നഷ്ടപ്പെടുന്നു. അവൾ വളരെ അസ്വസ്ഥയായി, അതു കണ്ടുകിട്ടുന്നതുവരെയും വീടു മുഴുവൻ അടിച്ചു വാരി അന്വേഷിച്ചു. കണ്ടെത്തിയപ്പോഴാകട്ടെ അയൽക്കാരുമായി സന്തോഷം പങ്കുവെച്ചു.

ശിരോവസ്ത്രം ഈ ഒരു ദ്രഹ്മയെ കൂടാതെ നിഷ്പ്രയോജനകരമാണ്. ദൈവരാജ്യത്തിൽ ഒരോ വ്യക്തിയും ഏറ്റവും പ്രാധാന്യമുള്ളവരാണ്. നാം ദൈവരാജ്യത്തിനുവേണ്ടിയുള്ള തന്റെ ചുമതല നിർവ്വഹിക്കുന്നില്ലെങ്കിൽ അത് ഒരു തരം ശൂന്യത സൃഷ്ടിക്കുന്നു. അതു നിറയ്ക്കുവാൻ നമുക്ക് മാത്രമേ സാധിക്കു.

**കാണാതെ പോയ ആട്** (15:3-8)

എല്ലാ ആടുകളും ഒരുമിച്ചു മേയുമ്പോൾ ഈ ആട് തനിച്ച് നടന്നു പോയി. ഈ ആട് മറ്റുള്ളവരെ അവഗണിച്ച് ഒറ്റയാനായിട്ടാണ് നടന്നത്. ഇടയനെ സംബന്ധിച്ചിടത്തോളം നഷ്ടപ്പെട്ട ഒരാട് 99-നെക്കാളും വിലയേറിയതായിത്തോന്നി. അതുകൊണ്ട് 99-നേയും അപകടസാധ്യതയാൽ വിട്ടിട്ട് നഷ്ടപ്പെട്ടതിനെ അന്വേഷിക്കുന്നു. കണ്ടെത്തിയപ്പോൾ എല്ലാവരോടും കൂടെ സന്തോഷിക്കുന്നു.

ദൈവരാജ്യ പ്രവർത്തനത്തിൽ നാം ആത്മാർത്ഥതയുള്ളവരാണെങ്കിൽ എന്തു ത്യാഗവും സഹിച്ച് നഷ്ടപ്പെട്ട ഓരോ വ്യക്തിയേയും നാം എന്തുമാത്രം അന്വേഷിക്കും. ഏകാന്തതയനുഭവിക്കുന്നവർ, മാനസികാരോഗ്യമില്ലാത്തവർ ഇങ്ങനെ അവഗണിക്കപ്പെട്ട എല്ലാവരും ദൈവരാജ്യത്തിൽ പ്രാധാന്യമുള്ളവരാണ്. ഓരോരുത്തരും ദൈവരാജ്യത്തിൽ നിസ്തുലരാണ്. അവർക്കുവേണ്ടി അദ്ധ്വാനിക്കാൻ നാം സന്നദ്ധരാകണം.

**നഷ്ടപ്പെട്ട മകൻ** (15:11-35)

സ്നേഹനിധിയായ പിതാവിനെ സംബന്ധിച്ച ഒരു വിശദീകരണ കഥയാണ് ഇത് എന്നു പറയാം. പിതാവ്, മകൻ തിരിച്ചുവരും എന്ന പ്രതീക്ഷയിൽ കാത്തിരിക്കുകയായിരുന്നു. തിരിച്ചു വന്നപ്പോൾ സന്തോഷിച്ചു. എന്നാൽ ഇളയ മകന്റെ വരവിൽ പിതാവ് ഉല്ലസിച്ചു വിരുന്നു നടത്തുന്നത് മൂത്ത മകന് ഇഷ്ടപ്പെടുന്നില്ല.

നമുക്ക് അർഹതയുള്ള വിധത്തിൽ ദൈവം നമ്മെ കരുതണം എന്നാണ് നാം ആഗ്രഹിക്കുന്നത്. എന്നാൽ ദൈവം അങ്ങനെയല്ല ചെയ്യുന്നത്. ദൈവം തന്റെ അപരിമേയമായ സ്നേഹത്തിലാണ് നമ്മെ കരുതുന്നത്. നമുക്ക് ആവശ്യമുള്ളതാണ് ദൈവം നമുക്കു നല്കുന്നത്. ദൈവം തൻെറ സമയത്ത് അവ നമുക്കു നല്കും.

**ദൈവരാജ്യത്തിനായി നാം എടുക്കേണ്ട തീരുമാനങ്ങൾ**

മരണം ഏതു സമയത്തും നമ്മെ പിടിക്കാം. നാം ദൈവരാജ്യത്തിന്റെ പ്രവർത്ത നത്തിൽ വ്യാപൃതരാണെങ്കിൽ മരണം എപ്പോൾ വരുന്നു എന്നത് പ്രധാനമല്ല. നമ്മുടെ ജോലി ചെയ്തു തീർക്കുക എന്നതാണ് പ്രധാനം. ഇതിനെ സംബന്ധിച്ച് യേശു ചില ഉപമകൾ പറഞ്ഞിട്ടുണ്ട്.

**1. കോടതി വ്യവഹാരത്തിന്റെ ഉപമ** (ലൂക്കോ. 12:58-59)

കോടതിയിൽ എത്തുകയും ന്യായാധിപൻ ശിക്ഷവിധിക്കുകയും ചെയ്യുന്നതിനു മുമ്പ് പ്രതിയോഗിയോടു നിരക്കുകയാണ് നല്ലത് കാരണം, ന്യായധിപന്റെ തീർപ്പ് ഒരു പക്ഷേ നമുക്കു വിരോധമായിരിക്കാം.

ഇത് വളരെ വൈകിയ അവസരമാണ്. ദൈവരാജ്യത്തിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ ഇപ്പോൾ തന്നെ ചെയ്യേണം. മാറ്റിവെച്ചാൽ ഒരു പക്ഷേ ഒരിക്കലും ചെയ്യാൻ കഴിയില്ല.

**2 അത്തിവൃക്ഷത്തിന്റെ ഉപമ** (ലൂക്കോസ് 13:6-9)

മൂന്നു വർഷമായിട്ടും ഫലം കാണാതെ അതു വെട്ടിക്കളയുവാൻ യജമാനൻ കല്പിക്കുന്നു. എന്നാൽ തോട്ടക്കാരൻ, ഒരു വർഷം കൂടെ അതു നില്ക്കട്ടെ എന്ന് അഭിപ്രായപ്പെടുന്നു. എന്നിട്ടും ഫലം കണ്ടില്ലെങ്കിൽ നശിപ്പിച്ചു കളയാം.

ഇതുവരെ ദൈവരാജ്യത്തിനുവേണ്ടി നമ്മൾ എന്തുചെയ്തു ? ഇതുവരെ കുറച്ചേ ചെയ്തിട്ടുള്ളൂ എങ്കിൽ ഇപ്പോളെങ്കിലും അതു ചെയ്യുക.

**3 ഒരുങ്ങിയിരിക്കുക !**

കർത്താവ് വരുമ്പോഴോ കർത്താവിന്റെ അടുത്തേക്കു ചെല്ലുമ്പോഴോ എപ്പോഴായാലും കർത്താവിനെ സ്വീകരിക്കുവാൻ നാം ഒരുങ്ങിയിരിക്കണം. ഇതിനെപ്പറ്റി യേശു ചില ഉപമകൾ പറഞ്ഞിട്ടുണ്ട്.

**a) ലൂക്കോസ്** 12:35-48. വിശ്വസ്തതയില്ലാത്ത ദാസന്മാർ അസമയത്ത് യജമാനനെ കണ്ടുമുട്ടുന്നു.

**b) കള്ളൻെറ ഉപമ** : കള്ളൻ വരുന്നതുപോലെ അപ്രതീക്ഷിതമായിട്ടാണ് കർത്താവ് വരുന്നത്.

**c) പത്തു കന്യകമാരുടെ ഉപമ** : ബുദ്ധിയുള്ള അഞ്ചുപേർ മണവാളനെ സ്വീകരിക്കാൻ ഒരുങ്ങിയിരുന്നു, ബുദ്ധിയില്ലാത്തവർക്കോ മണവാളൻ വന്നപ്പോൾ അവനെ എതിരേൽക്കൻ സാധിച്ചില്ല.

നമുക്ക് ലഭിച്ചിരിക്കുന്ന സമയം ഏറ്റവും പ്രധാനമാണ് എന്നാണ് ഈ ഉപമകൾ പഠിപ്പിക്കുന്നത്. നാം ഒരുങ്ങിയിരുന്നാൽ എപ്പോൾ വേണമെങ്കിലും കർത്താവിനെ സ്വീകരിക്കുവാൻ നമുക്കു സാധിക്കും. ●

---

*Cont'd from page 18*

മില്ലാത്ത 99 നീതിമാന്മാരെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷമുണ്ടാകും. 15:10 കാണാതെ പോയ ദ്രഹ്മയെപ്പറ്റി പറയുന്നു. ദൈവരാജ്യത്തിന്റെ ഉത്സവം സ്വർഗീയവും ഭൗമികവുമാണ്. അവർ യേശുവിൽ കണ്ടെത്തിയ പുതുജീവിതം ആഘോഷിക്കുകയായിരുന്നു.

മൂലഭാഷയിൽ 'അനുതാപം' (മെറ്റനോയിയ) എന്നതിന് 'തിരിഞ്ഞു വരിക' എന്നാണർത്ഥം. അത് ദിശാബോധത്തിലുള്ള ഒരു വ്യതിയാനമാണ്. യേശുവിന്റെ അടുത്തുവന്നവർക്ക് ഈ വ്യതിയാനമുണ്ടായി. അവരുടെ ജീവിതം രൂപാന്തരപ്പെട്ട് പൂർണ്ണതയുള്ളതായിത്തീരുന്നു യുഗങ്ങളായി പ്രവാചകന്മാർ ആളുകളെ അനതാപത്തിലേക്കു ക്ഷണിച്ചുകൊണ്ടിരുന്നു. പഴയ നിയമത്തിൽ യെശയ്യാവും ആമോസും യിരെമ്യാവും ഹോശേയാവും ഇതാണ് ചെയ്തത്. എന്നാൽ ജനങ്ങൾ അവരോട് മറുതലിച്ചു. യോഹന്നാൻ സ്നാപകൻ അതിനൊരപവാദമാണ്. യേശു അവരെ ക്ഷണിച്ചപ്പോൾ അവർ യേശുവിനോട് ക്രിയാത്മകമായി പ്രതികരിച്ചു. എന്താണ് ഈ വ്യത്യാസത്തിനു കാരണം ? ഒരുപക്ഷേ അവരുടെ സമീപനത്തിലുള്ള വ്യത്യാസം കൊണ്ടായിരിക്കാം.

പ്രവാചകന്മാർ ഒരു പക്ഷേ നിയമത്തിന്റെ സ്വരത്തിൽ ആണ് സംസാരിച്ചത്. അനുതപിച്ചില്ലെങ്കിൽ നാശമുണ്ടാകും എന്നായിരുന്നു അവരുടെ സന്ദേശം. എന്നാൽ ഇത് നിഷേധാത്മകമായ ഒരു പ്രതികരണമാണ് ഉളവാക്കിയത്. യേശു അവരോട് ഇടയനെപ്പോലെ മനസ്സലിവും ദയയുമുള്ളവനായിട്ടാണ് സംസാരിച്ചത്. പിതാവ് നിങ്ങളുടെ രക്ഷയ്ക്കുവേണ്ടിയാണ് എന്നെ അയച്ചതെന്നാണ് അവൻ പറഞ്ഞത്. യേശു പറഞ്ഞു, ''നിങ്ങൾക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രേ ഞാൻ വന്നത്.'' (യോഹ 10:10). ഇത് ക്രിയാത്മകമായ സ്വരമാണ്. ജനങ്ങൾ ഇതിനോട് ക്രിയാത്മമമായി പ്രതികരിച്ചു.

യേശു പുരുഷാരത്തെ വഴി തെറ്റിയവരായി കണ്ട് അവരോട് മനസ്സലിഞ്ഞു. ചിലർക്ക് എവിടേക്കാണ് പോകേണ്ടത് എന്നു നിശ്ചയമില്ല. മറ്റു ചിലർക്ക് എവിടെ ചെല്ലണമെന്നറിയാം. എന്നാൽ വഴിയറിയല്ല. യേശുവിന് ആ നിസ്സഹായരോട് മനസ്സലിവു തോന്നി. അനുതപിച്ചു തന്നിലേക്കു വന്നാൽ താൻ അവരെ ആശ്വസിപ്പിക്കും എന്ന് യേശു വാഗ്ദാനം ചെയ്തു. ''ഞാൻ തന്നെയാണ് വഴിയും സത്യവും ജീവനും'' യേശു പറഞ്ഞു.

ജനങ്ങൾ ആയിരിക്കുന്ന അവസ്ഥയിലാണ് യേശു എപ്പോഴും അവരെ സ്വീകരിച്ചത്. ആയിരിക്കുന്ന അവസ്ഥയിൽ സ്വീകരിക്കുക എന്നു പറഞ്ഞാൽ പാപവുമായി അനുരഞ്ജനത്തിൽ വരിക എന്നല്ല. അവരുടെ സന്തോഷത്തിൻെറ തികവിലേക്ക് അവരെ കൊണ്ടുവരുവാനാണ് കർത്താവ് ശ്രമിച്ചത്. ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ അവരെ സന്തോഷത്തിൻെറ പൂർണ്ണതയിലെത്തിക്കുവാനാണ് യേശു ശ്രമിച്ചത്.

യോഹ. 5- ൽ ബെഥെസ്ദാ കുളക്കരയിലെ പക്ഷവാതരോഗിയെപ്പറ്റി പറയുന്നു. സൗഖ്യമായശേഷം ദേവാലയത്തിൽ വെച്ച് യേശു അവനോടു പറയുന്നു. ഇനിയും പാപം ചെയ്യരുത്. യേശു പാപവുമായി അനുരജ്ഞനപ്പെടുന്നില്ല. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ വിട്ടയച്ച ശേഷം യേശു പറയുന്നു, 'പോക, ഇനി പാപം ചെയ്യരുത്.' കുറ്റം വിധിക്കാതിരിക്കുന്നത് യേശുവിൻെറ മനസ്സലിവുകൊണ്ടാണ്. 'പാപം ചെയ്യരുത്' എന്ന് പറഞ്ഞപ്പോൾ രൂപാന്തരത്തെപ്പറ്റിയാണ് യേശു ശക്തീകരണം നല്കിയത്.

ദൈവരാജ്യത്തിൻെറ പൗരത്വമുള്ള മനുഷ്യ സമൂഹമാണ് കുഞ്ഞാടിൻെറ കല്യാണവിരുന്നിലേക്ക് ക്ഷണിക്കപ്പെടുന്നത്. എങ്ങനെയാണ് അതിലേക്ക് ക്ഷണിക്കപ്പെടുന്നത്?, വെളി. 3:20 ''ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എൻെറ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവൻെറ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും'' യേശുവിനെ നിങ്ങളുടെ ജീവിതത്തിലേക്കു ക്ഷണിക്കുമ്പോൾ നിങ്ങൾ തന്നെ ദൈവരാജ്യത്തിൻെറ വിരുന്നിലേക്ക് ക്ഷണിക്കപ്പെടുകയാണ്. നമ്മുടെ ഹൃദയമിടിപ്പുകളിലൂടെ യേശു നമ്മുടെ ഹൃദയത്തിൻെറ വാതിൽക്കൽ മുട്ടുകയാണ്.

ഒരിക്കൽ നമ്മുടെഹൃദയത്തിൻെറ സ്പന്ദനം നിലയ്ക്കും. പിന്നീട് ഒരു തീരുമാനമെടുക്കാൻ ഒരു പക്ഷേ നമുക്കു സാധിക്കുകയില്ല. ഇന്ന് നിങ്ങളുടെ ഹൃദയത്തിൻെറ വാതിൽ തുറന്നു കൊടുക്കുമോ? ഉത്സവം ഇവിടെ ആരംഭിക്കാം. ●

# ദൈവരാജ്യം: വിമോചനത്തിൻെറയും സ്നേഹത്തിൻെറയും സാമ്രാജ്യം

103-ാമത് മാരാമൺ കൺവൻഷന് പങ്കെടുക്കുവാൻ കഴിഞ്ഞതിൽ അതീവ സന്തുഷ്ടിയുണ്ട്. ഇപ്രകാരമുള്ള അവസരം ഒരുക്കിയവർക്ക് പ്രത്യേക നന്ദി അറിയിക്കുന്നു.

ദൈവവചനം പ്രസംഗിക്കുന്നവരോട് സുവിശേഷം പ്രസംഗിക്കുന്നത് ശ്രേഷ്ഠമായ പദവിയാണ്. അതുകൊണ്ടുതന്നെ ഈ നിമിഷം ഏറ്റം ധന്യമായി ഞാൻ കരുതുന്നു. 1979 മുതൽ മാർത്തോമ്മാ സഭയുമായി എനിക്ക് ബന്ധമുണ്ട്.

ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിലെ പ്രസക്തമായ ഒരു കാലഘട്ടത്തിലാണ് നാം ഒരുമിച്ചു കൂടിയിരിക്കുന്നത്. ഭാരതം സ്വാതന്ത്ര്യത്തിൻെറ അമ്പതാം വാർഷികം ആഘോഷിക്കുന്ന വർഷം. പുരോഗതിയുടെ പാതയിൽ നാം വളരെ മുന്നേറിയിരിക്കുന്നു. സാമ്പത്തിക - വ്യാവസായിക വിദ്യാഭ്യാസ മേഖലകളിൽ അത്ഭുതകരമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. എന്നാൽ രാഷ്ട്രീയ രംഗത്ത് ഇന്നും നമുക്ക് സുസ്ഥിരത ഉണ്ടായിട്ടില്ല. ഭാരതത്തെ ഇനി ഭരിക്കുന്ന സർക്കാർ ഏത് എന്ന് അറിയാൻ ആകാംഷയോടെ നാം അടുത്തു വരുന്ന തെരഞ്ഞെടുപ്പിനെ കാണുന്നു. എന്നാൽ സകലത്തിനെയും അതിജീവിക്കുന്ന ഒരു ആധിപത്യ (government) ത്തെപ്പറ്റി ഞാൻ പറയാൻ ആഗ്രഹിക്കുന്നു. മനുഷ്യൻെറ ആത്മീകവും ഭൗതികവുമായ സകല മേഖലകളെയും സ്പർശിക്കുന്ന ഒരു ആധിപത്യം. സാർവ്വ ലൗകികമായ ഈ ആധിപത്യം ഭാഷാ - വംശ - രാഷ്ട്രീയ അതിർവരമ്പുകളെ അതിജീവിക്കുന്നതാണ്. പ്രാദേശിക അതിരുകളിൽ ഒതുങ്ങുന്ന ഒന്നല്ല അത്. യെശയ്യാ: 9:6,7 വാക്യങ്ങളിൽ ഈ ആധിപത്യത്തെപ്പറ്റി വിവരിച്ചിരിക്കുന്നു. ലോകത്തിലേക്ക് വരാൻപോകുന്ന ഒരു ആധിപത്യത്തെപ്പറ്റി പ്രവാചകൻ പ്രവചിക്കുന്നു. ഈ ആധിപത്യത്തിൻെറ പ്രത്യേകത അതിനെ നയിക്കുവാൻ പോകുന്നവൻെറ പേരുമായി ബന്ധപ്പെട്ടിരിക്കുന്നു.

1. **പരിജ്ഞാനത്തിൻെറ ആധിപത്യമാണ്** (അത്ഭുതമന്ത്രി)
2. **ശക്തമായ ആധിപത്യമാണ്** ( വീരനാം ദൈവം)
3. **സ്ഥിരതയുള്ള ആധിപത്യമാണ്** (നിത്യപിതാവ്)

ലോക ചരിത്രത്തിൽ അനേക ശാക്തികരാജ്യങ്ങൾ / ഭരണകൂടങ്ങൾ എന്നന്നേക്കുമായി തകർന്നുപോയി. ഉദാ: ബാബിലോൺ, പേർഷ്യ, ഗ്രീക്ക്, റോമൻ രാജ്യങ്ങൾ.

4. **സമാധാന പൂർണ്ണമായ ആധിപത്യമാണ്** ( സമാധാനപ്രഭു)

രാഷ്ട്രങ്ങൾ തമ്മിൽ സമാധാന ചർച്ചകൾ സാധാരണമാണ്. എന്നാൽ അവ ദീർഘകാലം നിലനിൽക്കാറില്ല. സമാധാനപ്രഭുവിനെ മാറ്റി നിർത്തിയിട്ടാണ് ഇന്ന് സമാധാന ചർച്ചകൾ നടക്കുന്നത്.

യെശയ്യാ പ്രവാചകൻ വിവരിക്കുന്ന പുതിയ ആധിപത്യത്തിൻെറ നിയന്ത്രകൻ ഒരു ശിശുവാണ് - യേശു. ഈ ആധിപത്യത്തിന് യേശു ദൈവരാജ്യം എന്നു പേരു നൽകി. കർത്താവിൻെറ ആദ്യ പ്രഖ്യാപനം ദൈവരാജ്യത്തിൻെറ ആഗമനത്തെ അറിയിക്കുന്നതായിരുന്നു. (മർക്കോ. 1:15). യേശുക്രിസ്തുവിൻെറ പ്രാർത്ഥനയുടെ കേന്ദ്രഭാഗത്തും ദൈവരാജ്യം എന്ന ആശയം നാം ദർശിക്കുന്നു. ഉപമകളുടെ കേന്ദ്രബിന്ദു ദൈവരാജ്യമായിരുന്നല്ലോ. യുഗാന്ത്യപരമായ ദൈവരാജ്യാനുഭവങ്ങളെപ്പറ്റിയും യേശു തൻെറ പഠിപ്പിക്കലുകളിൽ വ്യക്തമാക്കുന്നുണ്ട്. (മത്താ. 24) ദൈവരാജ്യത്തിൻെറ സുവിശേഷം എല്ലായിടത്തും പ്രസംഗിക്കപ്പെടും അപ്പോൾ അവസാനം വരും. ദൈവരാജ്യം എന്ന ആശയം കർത്താവിൻെറ ഹൃദയസ്പന്ദനമായിരുന്നു. യേശുവിൻെറ മജ്ജയിലും മാംസത്തിലും ദൈവരാജ്യത്തിൻെറ തുടിപ്പുകൾ അലിഞ്ഞ് ചേർന്നിരിന്നു. ലോകം മുഴുവനും ദൈവരാജ്യത്തിൻെറ പ്രജകളെക്കൊണ്ടു നിറയണമെന്നായിരുന്നു. അവൻെറ ലക്ഷ്യം. ഈ ദൈവരാജ്യത്തിൻെറ നിയോഗം നമുക്ക് ലഭ്യമായിരിക്കുന്നു.

ദൈവരാജ്യം നമുക്കു വാഗ്ദത്തം ചെയ്യുന്ന മൂന്നു പ്രധാന കാര്യങ്ങൾ ചിന്തിക്കാം.

1. **ജീവിക്കുവാനുള്ള ഒരു ഭാഗധേയം നമുക്കു നല്കുന്നു.**
2. **ജീവിക്കുവാനുള്ള ആത്മാഭിമാനബോധം നമുക്കു നല്കുന്നു.**
3. **ജീവിക്കുവാനുള്ള ഒരു മാതൃക നമക്കു നല്കുന്നു.**



**റവ. ഡോ. മാർട്ടിൻ പോൾ അൽഫോൻസ്**

### *1. ജീവിക്കുവാനുള്ള ഭാഗധേയം*

ഭാഗധേയം എന്നാൽ ആത്യന്തികമായ പരിസമാപ്തിയാണ്. എല്ലാറ്റിൻെറയും പൂർത്തീകരണം. പേരും പെരുമയും പ്രശസ്തിയും മാത്രമാണ് ജീവിതത്തിൻെറ ലക്ഷ്യമെന്ന് ചിലർ വിചാരിക്കുന്നു. ലൂക്കോ.9:25 - ൽ ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം എന്നു കാണുന്നു. മഹാനായ അലക്സാണ്ടർ ചക്രവർത്തി ലോകപ്രശസ്തി നേടിയ വ്യക്തിയാണ്. എന്നാൽ മരണസമയം താൻ ഒന്നും നേടിയില്ല എന്ന് സമ്മതിച്ചു. യേശു പറഞ്ഞു 'മുൻപേ ദൈവരാജ്യവും നീതിയും അന്വേഷിക്കുക'.

എപ്രകാരമാണ് അന്വേഷിക്കേണ്ടത്? ദൈവരാജ്യത്തെ തീവ്രമായി അന്വേഷിക്കണം. 42-ാം സങ്കീർത്തനത്തിൽ ദൈവരാജ്യത്തിനുവേണ്ടി ദാഹിക്കുന്ന ഒരു മനുഷ്യനെപ്പറ്റി വിവരിച്ചിരിക്കുന്നു. ദൈവരാജ്യത്തെ തീവ്രമായി അന്വേഷിക്കുക എന്നാൽ ദൈവരാജ്യത്തിനുവേണ്ടിയുള്ള അന്വേഷണമാണ്.

ഭാരതം ഭക്തി പാരമ്പര്യമുള്ള രാഷ്ട്രമാണ്. ആത്മീയ തൃഷ്ണയോടെ ഭാരതം നീങ്ങുന്നു. നാം ദൈവത്തിനുവേണ്ടി ദാഹമുള്ളവരാകണം. യെശ: 55:1- ൽ ദാഹിക്കുന്നവരും വിശക്കുന്നവരും വരിക എന്ന ക്ഷണം കാണുന്നു. യോഹ: 7:37,38 -ൽ ഈ ചിന്ത യേശു ആവർത്തിക്കുന്നു. ദാഹിക്കുന്ന ഏവരും വരട്ടെ, യേശുവിൻെറ വിളിയും നിയോഗവും പ്രാധാന്യമുള്ളതാണ്. എല്ലാവരും ദൈവരാജ്യത്തിൻെറ അനുഭവത്തിൽ എത്തുവാൻ യേശു ആഗ്രഹിക്കുന്നു. ധൂർത്ത പുത്രൻെറ ഉപമയിൽ, പിതാവിൻെറ സന്നിധിയിൽ തിരികെ എത്തിയപ്പോൾ അവന് തൻെറ ജീവിതത്തിൻെറ ഭാഗധേയം അർത്ഥമായി മനസ്സിലായത്.

### *2. ആത്മാഭിമാന ബോധം*

ആത്മാഭിമാനത്തെപ്പറ്റി വികലമായ കാഴ്ചപ്പാടാണ് ഇന്നുള്ളത്. സ്ഥാനമാനങ്ങൾക്കനുസരണമായി ആത്മാഭിമാനം അളക്കുവാൻ പലപ്പോഴും ശ്രമം നടക്കുന്നു. സ്ഥാനമാനങ്ങളും, പദവികളും, വിദ്യാഭ്യാസവും മാത്രമാണ് നാം അഭിമാനമായി കരുതുന്നതെങ്കിൽ യേശു അഭിമാനമുള്ളവനല്ല. ദരിദ്രരിൽ ദരിദ്രനായാണ് അവൻ ജനിച്ചത്, ഒരു പുൽക്കൂട്ടിൽ. ആശാരിയുടെ മകനായാണ് വളർന്നത്. സകലർക്കും കടക്കാരനായിട്ടായിരുന്നു അവൻെറ മരണം. മോശയുടെ പാണ്ഡിത്യമോ, ശാലോമോൻെറ ബുദ്ധിവൈഭവമോ, പൗലോസിൻെറ ദൈവശാസ്ത്രനിപുണതയോ അവനുണ്ടായിരുന്നില്ല. എന്നാൽ ലോകത്തിൽ ആരും അവനെപ്പോലെ പഠിപ്പിച്ചിരുന്നില്ല.

യേശുവിൻെറ ആത്മാഭിമാനം അടിസ്ഥാനപ്പെട്ടിരുന്നത് ദൈവപുത്രൻ എന്ന അനുഭവത്തിലാണ്. പിതാവായ ദൈവവുമായുള്ള ബന്ധത്തിലാണ് ആത്മാഭിമാനം ശ്രേഷ്ഠമാകുന്നത്. നമ്മുടെ അഭിമാനം നാം ആരാണ് എന്നതിൻെറ അടിസ്ഥാനത്തിലല്ല, നാം ആരുടേതായിരിക്കുന്നു എന്നതിലാണ് നിലനിൽക്കുന്നത്. കർത്താവിൽ ആയിരിക്കുന്ന ഏവരും അവൻെറ പുത്രീപുത്രന്മാരാണ്. ഭാഷയോ, വേഷമോ, അവിടെ പ്രശ്നമല്ല.

### *3. ജീവിക്കുവാനുള്ള മാതൃക*

യേശു പ്രസംഗിച്ച ദൈവരാജ്യം ഭൂമിയുമായി ബന്ധമുള്ളതായിരുന്നു. നമ്മുടെ ജീവിതത്തെ പൂർണ്ണതയിലേക്കു നയിക്കുന്ന ഒന്നാണത്. ആത്മീകവും സാമ്പത്തികവും സാമൂഹ്യവുമായ മേഖലകളെ സ്വാധീനിക്കുന്നതാണ് ഈ ദൈവരാജ്യം. അത്തരമൊരു ദൈവരാജ്യത്തിൻെറ വക്താക്കളാകുവാൻ കർത്താവു നമ്മെ വിളിക്കുന്നു.

യേശുക്രിസ്തു തൻെറ ദൈവരാജ്യ പ്രവർത്തനം ആരംഭിക്കുമ്പോൾ അതിൻെറ പ്രകടനപത്രിക വിവരിച്ചു (ലൂക്കോ. 4:18,19) ഇതു യഹൂദന്മാരുടെ മശിഹാ സങ്കൽപ്പങ്ങളോട് ബന്ധപ്പെട്ട ഭാഗമാണ്. യേശുക്രിസ്തു വാഗ്ദാനം ചെയ്ത ദൈവരാജ്യ സങ്കൽപ്പങ്ങൾ നിറവേറ്റുവാൻ നാം ബാദ്ധ്യസ്ഥരാണ്.

ജീവിതത്തിൻെറ എല്ലാ മേഖലകളെയും സ്വാധീനിക്കുന്നതാണ് ദൈവരാജ്യാനുഭവം. സാമ്പത്തികമായ അതിർവരമ്പുകളിൽ പാർക്കുന്നവർക്കും, ധാർമ്മിക ബന്ധനങ്ങളിൽ കഴിയുന്നവർക്കും ഇതു വിമോചനത്തിൻെറ സന്ദേശമാണ്. ശാരീരിക ബലഹീനർക്ക് ഇതു മോചനദൂതാണ്. എല്ലാ സാമൂഹ്യ അടിച്ചമർത്തലുകളിൽ നിന്നുമുള്ള വിടുതലാണ് ദൈവരാജ്യത്തിൻെറ സന്ദേശം.

മാത്രമല്ല, ഇതു സ്നേഹത്തിൻെറയും വിശ്വാസത്തിൻെയും സാമ്രാജ്യമാണ്. ദൈവരാജ്യം ക്രിസ്തുകേന്ദ്രീകൃതമാണ്. തന്നോട് അതിക്രമം കാട്ടിയ സഹോദരന്മാരോട് സ്നേഹാർദ്രമായി പെരുമാറിയ യോസേഫ് ദൈവരാജ്യത്തിൻെറ പ്രജയായിരുന്നു.

ദൈവരാജ്യം നമ്മെ ക്രിസ്തുവിൽ വിശ്വാസമുള്ളവരാക്കിത്തീർക്കുന്നതാണ്. ദൈവരാജ്യം എല്ലാ ഭയത്തിന്മേലും നമുക്കു വിജയവും ധൈര്യവും നല്കുന്നു. ദൈവരാജ്യാനുഭവത്തിൽ ആയിത്തീരുക എന്നതാണ് നമ്മുടെ നിയോഗം. ആ വിളിയോടു പ്രതികരിക്കാം. ●

# ദൈവരാജ്യത്തിനുവേണ്ടി ജീവിച്ചു മരിക്കുക

മാരാമൺ കൺവൻഷനിൽ സന്ദേശം നൽകുവാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. നമ്മുടെ ചിന്തകൾക്ക് ആധാരമായി തിരഞ്ഞെടുത്തിരിക്കുന്ന വിഷയം ''ദൈവരാജ്യം'' എന്നതാണ്. 'ദൈവരാജ്യം' എന്ന ആശയത്തിൽ ജീവിതത്തിൻെറ എല്ലാ തലങ്ങളും ഉൾക്കൊള്ളുന്നു. ''നിൻെറ രാജ്യം വരേണമേ' എന്ന് പ്രാർത്ഥിക്കുവാനാണ് കർത്താവ് തൻെറ ശിഷ്യന്മാരെ പഠിപ്പിച്ചത്. അതാണ് സുവിശേഷത്തിൻെറ കാതൽ.

യേശുക്രിസ്തു ജീവിച്ചിരുന്ന കാലഘട്ടത്തിൽ യാതൊരു പ്രശ്നങ്ങളും ഇല്ലായിരുന്നു എന്ന് നാം ചിന്തിക്കുന്നുവെങ്കിൽ അത് അബദ്ധധാരണ മാത്രമാണ്. യേശുക്രിസ്തുവിൻെറ കാലത്ത് പാലസ്തീൻ നാട് കലുഷിതമായ പ്രശ്നങ്ങളിൽ അടിമപ്പെട്ടിരുന്നു. ദൈവരാജ്യത്തെക്കുറിച്ച് ചിന്തിക്കുവാൻപോലും അവർക്ക് താല്പര്യമില്ലായിരുന്നു. തങ്ങളുടെ സ്വന്തം താൽപര്യങ്ങളെ സംരക്ഷിക്കുന്നതിൽ മാത്രം അവർ താല്പര്യം പ്രകടിപ്പിച്ചു. തന്മൂലം മനുഷ്യർ തമ്മിലുള്ള ബന്ധം തകർന്നു. യഹൂദരും ശമര്യരും തമ്മിൽ വളരെ രൂക്ഷമായ പ്രശ്നങ്ങൾ നിലനിന്നിരുന്നു. ശമര്യർ തീർത്തും തിരസ്ക്കരിക്കപ്പെട്ടതായ ഒരു ജനസമൂഹമായിരുന്നു. സ്ത്രീകൾക്ക് സമൂഹത്തിൽ യാതൊരു അംഗീകാരവും ഉണ്ടായിരുന്നില്ല. ദരിദ്രർ സമൂഹത്തിൻെറ മുഖ്യധാരയിൽ നിന്ന് തള്ളപ്പെട്ടിരുന്നു. ഇന്നത്തെ സമൂഹത്തിൻെറ ചിത്രവും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല. സാമൂഹ്യവും, സാമ്പത്തികവും ലിംഗപരവുമായ വേർതിരിവ് ഒരു ശാപമായി ഇന്നും നിലനില്ക്കുന്നു. നമ്മുടെ രാജ്യത്ത് ഇത് എന്തുകൊണ്ട് സംഭവിക്കുന്നു? നാം നമ്മോടു തന്നെ ചോദിക്കേണ്ട അടിസ്ഥാനപരമായ ഒരു ചോദ്യമാണിത്. സ്ത്രീയും പുരുഷനും ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ സഭയുടെ വളർച്ച എത്ര ഉന്നതമാകും.

ധനികൻെറയും ദരിദ്രൻെറയും ഉപമ യേശുക്രിസ്തു പഠിപ്പിച്ചു. നമ്മുടെ സമൂഹത്തിൽ ഇന്നും നിലനില്ക്കുന്ന ഒരു യാഥാർത്ഥ്യത്തിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. സുഖലോലുപതയിൽ ജീവിക്കുക എന്നതല്ല, നമ്മുടെ പരിമിതികൾക്കുള്ളിൽ സംതൃപ്തിയോട് ജീവിക്കുക എന്നതാണ് പരമപ്രധാനമായിട്ടുള്ളത്. യേശുക്രിസ്തുവിൻെറ കാലത്ത് പാലസ്തീൻ വൈദേശിക ഭരണത്തിലായിരുന്നു. എന്നാൽ ലഭിച്ച സ്വാതന്ത്ര്യം നാം എപ്രകാരം പ്രയോജനപ്പെടുത്തുന്നു എന്ന് നാം തന്നെ ചിന്തിക്കണം. മതഭക്തി യഹൂദ ആരാധനയുടെ മുഖമുദ്രയായിരുന്നു. യേശുക്രിസ്തു യഹൂദൻെറ പൊള്ളയായ മതഭക്തിയെ വിമർശിച്ചു. ഇതേ പ്രശ്നങ്ങളുടെ നടുവിലൂടെയാണ് 20-ാം നൂറ്റാണ്ട് കടന്നുപോകുന്നത്.

ഈ പ്രശ്നങ്ങളുടെ നടുവിൽ നമുക്ക് എന്ത് ചെയ്യുവാൻ കഴിയും. ഈ പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ മൗനമായിരിക്കുവാൻ നമുക്കുകഴിയുകയില്ല. പ്രതികരിക്കുവാൻ കഴിയാത്തവന് ക്രൈസ്തവനെന്ന പേരിന് യോഗ്യനല്ല. യേശു ക്രിസ്തു ഭൂമിയിൽ വന്ന് പ്രവർത്തിച്ചത് ഇത്തരം പ്രശ്നങ്ങളുടെ മധ്യത്തിലാണ്.

യേശുക്രിസ്തുവിൻെറ കാലത്ത് 'എസ്സീൻ' എന്നറിയപ്പെടുന്ന ഒരു ജനസമൂഹം നിലവിലുണ്ടായിരുന്നു. ''ചാവുകടൽ ചുരുളുകൾ'' എസ്സീൻ സമൂഹത്തിൻേറതാണെന്ന് അനുമാനിക്കുന്നു. ലോകത്തിലെ പ്രശ്നങ്ങളെ നമുക്കു പരിഹരിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് പൊതുജീവിതത്തിൽ നിന്നും വേർതിരിഞ്ഞ് മരുഭൂമിയിൽ ജീവിക്കുന്നവരായിരുന്നു അവർ. മനുഷ്യൻെറ പ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞ് മാറി നിൽക്കുവാൻ ശ്രമിക്കുന്നവർ ഇന്നത്തെ സമൂഹങ്ങളിലും ഉണ്ട്. ഈ ലോകത്തിൽ നിന്ന് സ്ഥിരമായി പിൻമാറി ഫലപ്രദമായി ഒന്നും ചെയ്യുവാൻ നമുക്ക് കഴിയുകയില്ല.

'എരിവുകാർ' എന്ന ഒരു സമൂഹവും യേശുക്രിസ്തുവിൻെറ കാലഘട്ടത്തിൽ ജീവിച്ചിരുന്നു. 'തോക്കിൻ മുനയിൽ അധികാരം നിലനിൽക്കുന്നു' എന്നവർ വിശ്വസിച്ചു. അക്രമത്തിൻെറ പാത അവർ തിരഞ്ഞെടുത്തു.

ക്രിസ്തുവിൻെറ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മറ്റൊരു ജനവിഭാഗമായിരുന്നു സദൂക്യർ. ന്യായപ്രമാണസംബന്ധമായ പ്രവർത്തനങ്ങൾ ഇവർ ചിട്ടയായി അനുഷ്ഠിച്ചിരുന്നു. എന്നാൽ മാനുഷിക പ്രശ്നങ്ങളെ അവർ ഉൾക്കൊള്ളാൻ ശ്രമിച്ചില്ല. എന്നാൽ ഈ പാതയിലൂടെയുള്ള നമ്മുടെ പ്രയാണം പരിപൂർണ്ണതയിൽ എത്തുകയില്ല. കർത്താവിന് താൻ ഭൂമിയിൽ എന്താണ് ചെയ്യേണ്ടത് എന്നതിനെപ്പറ്റി വ്യക്തത ഉണ്ടായിരുന്നു. യേശുക്രിസ്തു പരീക്ഷിക്കപ്പെട്ടപ്പോഴും തനിക്ക് വ്യക്തത നഷ്ടപ്പെട്ടിരുന്നില്ല. യേശുക്രിസ്തുവിൻെറ മൂന്നാമത്തെ പരീക്ഷ തിന്മ ചെയ്യുക എന്നതായിരുന്നു. തിന്മകളെ അതിജീവിച്ച് കർത്താവ് തൻെറ ദൗത്യം ആരംഭിച്ചു.

ഒരു പുതിയ ലോകവും പുതിയ സമൂഹവും നിർമ്മിക്കുന്നതിന് ഒരു മാർഗ്ഗമേയുള്ളൂ. അതിന് വേണ്ടിയാണ് യേശുക്രിസ്തു ഈ ലോകത്തിലേക്ക് വന്നത്. സമൂഹത്തിൻെറ ജീവിതം സ്വർഗ്ഗാനുഭവത്തോട് അനുരൂപമാകത്തക്കവിധത്തിൽ പ്രവർത്തിക്കുവാൻ നമുക്ക് കഴിയണം. വളരെ ചെറിയ രീതിയിൽ ആരംഭിച്ച ദൈവരാജ്യം ഭൂമിയിൽ വ്യാപിപ്പിക്കുകയാണ് നമ്മുടെ ദൗത്യം. നാം ഓരോരുത്തരും ചെറിയ കടുകുമണികളാണ്.

ദൈവരാജ്യത്തെ സംബന്ധിച്ച് യേശുക്രിസ്തുവിൻെറ പഠിപ്പിക്കൽ ദൈവവചന പഠനത്തിലൂടെയാണ് നാം ആർജ്ജിക്കേണ്ടത്. ദൈവരാജ്യത്തെക്കുറിച്ച് 'നിത്യജീവൻ' എന്ന പദം സുവിശേഷങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. യേശുക്രിസ്തുവിൻെറ ക്രൂശീകരണ സമയത്ത് തൻെറ സമീപമുണ്ടായിരുന്ന ക്രൂശിതനായ കള്ളൻ പറഞ്ഞത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. 'നിൻെറ രാജ്യത്തിൽ എന്നെയും ചേർത്തുകൊള്ളേണമേ'. ദൈവരാജ്യത്തെക്കുറിച്ച് ആയുസ് മുഴുവൻ പഠിപ്പിച്ച ആളാണ് തൻെറ സമീപത്ത് ക്രൂശിതനായി കിടക്കുന്നത് എന്ന് കള്ളന് വ്യക്തതയുണ്ടായിരുന്നു.

ഉപമകളിലൂടെയാണ് യേശുക്രിസ്തു ദൈവരാജ്യത്തിൻെറ ആശയങ്ങൾ ജനങ്ങളിലേക്ക് വിനിമയം ചെയ്തത്. പുതിയനിയമത്തിൽ 66 ഉപമകൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിൻെറ അത്ഭുതപ്രവർത്തനങ്ങളെക്കുറിച്ച് സുവിശേഷങ്ങളിൽ വ്യക്തമായി കാണുവാൻ കഴിയും.

യോഹന്നാൻെറ വിവരണം അനുസരിച്ച് യേശുക്രിസ്തു അടയാളങ്ങൾ പ്രവർത്തിച്ചതായി പ്രതിപാദിച്ചിരിക്കുന്നു. ഈ അടയാളങ്ങൾ ദൈവരാജ്യത്തിൻെറ അടയാളമാണ്. യോഹന്നാൻെറ സുവിശേഷത്തിൽ കാണുന്ന ആദ്യത്തെ അടയാളമാണ് കാനാവിൽ ചെയ്ത അടയാളം. മനുഷ്യത്വത്തെ പൂർണ്ണതയിലേക്കു നയിക്കുക എന്ന ആശയം ആണ് യേശുക്രിസ്തു ഈ ഉപമയിലൂടെ വിനിമയം ചെയ്യുന്നത്. മറ്റുള്ളവരുടെ ജീവിതം പൂർണ്ണമാകുന്നതിനുവേണ്ടി നമുക്കുള്ളത് പങ്ക് വയ്ക്കുവാൻ നമുക്ക് സാധിക്കണം. തിബര്യാസ് കടൽ തീരത്ത് വച്ച് യേശുക്രിസ്തു ശിഷ്യന്മാരെ പഠിപ്പിച്ചതും ദൈവരാജ്യത്തെക്കുറിച്ചായിരുന്നു. നമ്മുടെ കയ്യിലുള്ള 'അല്പം' ത്യാഗമനസ്സോടെ സമർപ്പിച്ചാൽ അതിലൂടെ അനേകായിരങ്ങൾ അനുഗ്രഹീതരായി തീരുവാൻ ഇടയായിതീരും. ഗുണമേന്മയുള്ള ഒരു ജീവിതത്തിൻെറ ഉടമകളായി നാം ഉയർത്തപ്പെടും.



ബിഷപ്പ് കെന്നത്ത് ഫെർണാൻഡോ

യേശുക്രിസ്തു ശ്രേഷ്ഠ ഗുരുവായിരുന്നു. ഉപമകളിലൂടെ ദൈവരാജ്യത്തിൻെറ സത്യങ്ങൾ യേശുക്രിസ്തു പഠിപ്പിച്ചു. യേശുക്രിസ്തു ശിഷ്യന്മാരുടെ കാൽ കഴുകിയ പ്രവൃത്തി ദൈവരാജ്യത്തിന് ശ്രേഷ്ഠമായ ഒരു സാദൃശ്യമാണ്. മറ്റുള്ളവരുടെ ദാസന്മാരായി പ്രവർത്തിക്കുന്നതാണ് ദൈവരാജ്യത്തിൻെറ താല്പര്യം. മറ്റുള്ളവരുടെ പാദങ്ങൾ കഴുകുക എന്നത് ദൈവരാജ്യ പുത്രന്മാരുടെ കടമയാണ്. സാമൂഹ്യജീവിതത്തിൻെറ അതിർവരമ്പുകളിൽ പാർക്കുന്നവരിലേക്ക് ചെന്നാണ് ദൈവരാജ്യം കെട്ടുപണി ചെയ്യേണ്ടത്.

തൻെറ ക്രൂശീകരണത്തിൻെറ തലേദിവസം അപ്പവും വീഞ്ഞും കർത്താവ് തൻെറ ശിഷ്യന്മാർക്ക് നൽകി. ഇത് ദൈവരാജ്യത്തിൻെറ ഒരു കൂദാശയാണ്. വീഞ്ഞ് പാനം ചെയ്യുകയും അപ്പം ഭക്ഷിക്കുകയും ചെയ്യുന്നത് ദൈവരാജ്യത്തിൻെറ അനുഭവമാണ്. പരസ്പരം പങ്ക് വയ്ക്കുന്നത് സ്വർഗ്ഗത്തിലും ദൈവരാജ്യത്തിലും മാത്രം കാണുന്ന ഒരു പ്രവർത്തിയാണ്. ഇത് ദൈവരാജ്യത്തിൻെറ ഒരു അടയാളമാണ്.

യേശുക്രിസ്തു നീതിയെ സംബന്ധിച്ചു പ്രസംഗിച്ചു. സത്യത്തിന് വേണ്ടി നിലനിന്നു. യേശുക്രിസ്തുവിൻെറ ജീവിതവും മരണവും ദൈവരാജ്യത്തെ സംബന്ധിച്ച് ലോകത്തെ പഠിപ്പിച്ചു. യേശുക്രിസ്തുവിൻെറ മരണം ഒരു കഥയുടെ അവസാനമല്ല. അവൻ ഉയിർത്തെഴുന്നേറ്റവനായി ഇന്നും ജീവിക്കുന്നു. ദൈവരാജ്യത്തിന് വേണ്ടി ജീവിക്കുന്നവർ മരിക്കും. പക്ഷെ, അതു പരാജയമല്ല. വിജയമാണ്. ദൈവരാജ്യത്തിനു വേണ്ടി ജീവിച്ചു മരിക്കുന്നതാണ് ജീവിതത്തിൽ ഏറ്റവും ശ്രേഷ്ഠമായ കാര്യം.

# "പിതാക്കന്മാരുടെ ദൈവം നമ്മുടെ ദൈവമോ ?"

**മാരാമൺ കൺവൻഷൻ 1998, ഫെബ്രു. 16, തിങ്കൾ, സമയം 2.30 P.M.**
***പ്രസംഗകൻ : റൈറ്റ്. റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ***

ഇതു ലോട്ടറി ടിക്കറ്റുകളുടെ കാലഘട്ടമാണ്., പെട്ടെന്ന് പണക്കാരാകുവാൻ വെമ്പൽ കൊള്ളുന്ന ലോകം. പണത്തെ സംബന്ധിച്ചും ധനവാനാകുന്നതു സംബന്ധിച്ചും ക്രിസ്തീയ കാഴ്ചപ്പാട് എന്ത്?. സ്വാതന്ത്ര്യത്തിന്റെ 50, വർഷങ്ങൾ പിന്നിടുമ്പോൾ നാം എന്തു നേടി? പണക്കാരൻ പണക്കാരനായി. പാവപ്പെട്ടവൻ പാവപ്പെട്ടവനായിതീർന്നു. വേദപുസ്തകം വിവരിക്കുന്ന ധനവാനാരാണ്?.

## യിസ്ഹാക്ക് യാഗപീഠം പണിതു

ഉല്പത്തി 26:24 ൽ അബ്രഹാമിന്റെ മകനായ യിസ്ഹാക്കിനെപ്പറ്റി പ്രതിപാദിക്കുന്നു. "അവിടെ അവൻ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു." യാഗപീഠം ദൈവിക സംസർഗ്ഗത്തിന്റെ അനുഭവമാണ്. യാഗപീഠം ദിനംപ്രതിയുള്ള യാഗത്തിന് വേണ്ടിയുള്ളതാണ്. ദിനംപ്രതിയുള്ള ദൈവിക സംസർഗ്ഗത്തിനുള്ള ഉപാധിയാണ് പ്രാർത്ഥന. ഏലിയാവ് പ്രവാചകൻ തീവ്രമായ വേദനയാൽ പൊളിഞ്ഞുകിടന്ന യാഗപീഠങ്ങൾ പണിതതായി വേദപുസ്തകത്തിൽ നാം വായിക്കുന്നു. നമ്മുടെ യാഗപീഠം പൊളിഞ്ഞ് കിടക്കുകയാണോ? കുടുംബപ്രാർത്ഥനകൾ പരസ്പരം ബന്ധമുള്ളതായിരിക്കണം. മാർത്തോമ്മാ സഭയ്ക്ക് പ്രതിസന്ധിഘട്ടങ്ങളിൽ കൈമുതലായുള്ളത് പ്രാർത്ഥനയായിരുന്നു. എന്നാൽ നമ്മുടെ ദൈവീകമായ സംസർഗ്ഗവും പ്രാർത്ഥനയും കുറഞ്ഞുപോയിരിക്കുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പ്രാർത്ഥന യുദ്ധം ജയിക്കാനുള്ള അപേക്ഷയല്ല ഇതൊരു മല്ലുപിടിത്തമാണ്. യാബോക്കിന്റെ തീരത്ത് യാക്കോബിന്റെ പ്രാർത്ഥന അനുഗ്രഹവിഷയത്തിന് കാരണമായിതീർന്നു. കർത്താവ് ഗദ്ശമന പൂങ്കാവനത്തിൽ ഏകനായി പ്രാർത്ഥിച്ചു. യിസ്ഹാക്ക് പ്രാർത്ഥിക്കുന്നവനായിരുന്നു. അവന്റെ ജീവിത വിജയത്തിന്റെ അടിസ്ഥാനം പ്രാർത്ഥനായിരുന്നു. യിസ്ഹാക്കിന്റെ കുടുംബം തന്നെ പ്രാർത്ഥനാ കുടുംബമായിരുന്നു. നമ്മുടെ ജീവിതത്തിന്റെ ഓരോ ചുവടുവയ്പ്പുകളും പ്രാർത്ഥനയോടുകൂടെയായിരിക്കണം. പ്രാർത്ഥനാ ജീവിതം നമ്മുടെ ചര്യയായി തീരുമ്പോൾ മാത്രമാണ് ജീവിതം ധന്യമായി തീരുന്നത്.

അബ്രഹാം മകനെ യാഗം കഴിക്കാൻ ശ്രമിച്ചപ്പോൾ ദൈവശബ്ദം മാത്രമേ കേട്ടുള്ളൂ എങ്കിൽ യിസ്ഹാക്ക് ദൈവശബ്ദം കേൾക്കുകയും ദൈവത്തെ കാണുകയും ചെയ്തു. നമ്മൾ പ്രാർത്ഥനാ ജീവിതത്തിൽ ധനവാന്മാരായി തീർന്നവരാണോ ? അതോ സാത്താന്യ ശക്തിക്ക് അടിമപ്പെട്ടവരാണോ ?

നമ്മുടെ കുഞ്ഞുങ്ങൾക്ക് വേണ്ടി കണ്ണുനീർ ഒഴുക്കുവാൻ നമുക്ക് കഴിയുമോ? മക്കളെ മടിയിലിരുത്തി കണ്ണുനീരോടെ അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ കഴിയണം. അതാണ് മാമോദീസ. പ്രതിസന്ധികളിൽ പ്രാർത്ഥനാജീവിതം നയിക്കുവാൻ നമുക്ക് കഴിയണം. പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ ജീവിക്കുന്ന യേശുവിന്റെ സാന്നിദ്ധ്യം നാം അനുഭവിച്ചറിയണം. ഒന്നിച്ച് പ്രാർത്ഥിക്കുമ്പോൾ മാത്രമേ ജീവിതം ധന്യമായി തീരുകയുള്ളൂ. ക്രിസ്ത്യാനി ഒട്ടകത്തെപ്പോലെ ആയിരിക്കണം സ്വഭാവം കൊണ്ട്. രാവിലെയും വൈകുന്നേരവും അതു മുട്ടുകുത്തിയാണ് എഴുന്നേൽക്കുന്നതും കിടക്കുന്നതും.



റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ

## യിസ്ഹാക്ക് കൂടാരമടിച്ചു.

കൂടാരം എന്താണ് അർത്ഥമാക്കുന്നത്. നിത്യതയെ കുറിക്കുന്ന അവസ്ഥയാണ് കൂടാരം അടിക്കുക എന്നത്. നിത്യതയുടെ സന്ദേശം ലോകത്തിന് നൽകുവാൻ നമുക്ക് കഴിയണം. ഉയിർപ്പിന്റെ പ്രഘോഷണമാണ് ഓരോ ഞായറാഴ്ചയും. ·ഉയിർപ്പിന്റെ സന്ദേശം ലോകത്തിന് നൽകാനാണ് സഭ ആക്കപ്പെട്ടിരിക്കുന്നത് . യേശുക്രിസ്തു ഒരു യാഥാർത്ഥ്യവും കുരിശ് ഒരു സത്യവുമായി നമ്മുടെ ജീവിതത്തിൽ ഭവിക്കണം. ക്രിസ്ത്യാനിയുടെ പ്രത്യാശ നിത്യതയാണ്. അതല്ല എങ്കിൽ ജീവിതം വ്യർത്ഥമാണ്, പ്രയത്നങ്ങൾ വ്യർത്ഥമാണ്. നിത്യതയുമായുള്ള ബന്ധത്തിലായിരിക്കണം നമ്മുടെ ജീവിത ക്രമം. ഈ ലോകത്തിലെ നമ്മുടെ ജീവിത ക്രമത്തിന്റെ അടിസ്ഥാനത്തിലാണ് നമുക്ക് നിത്യത ലഭ്യമാകുന്നത്. ഈ ലോകത്തിലെ ജീവിതം താൽക്കാലികമാണ്. വരുവാനുള്ളതാണ് നിത്യം. ഒരു വിശ്വാസി ഒരു കഴുകനെപ്പോലെയാണ്. അതിന്റെ ഭക്ഷണം ഭൂമിയിൽ നിന്നും ചിന്ത ഉയരത്തിലും. നമുക്ക് സമ്പത്ത് വർദ്ധിക്കുമ്പോൾ ഉന്നതഭാവേന നാം പ്രവർത്തിക്കാറുണ്ട്. എന്നാൽ താൽക്കാലികമായ വിഷയങ്ങളെക്കാൾ ഉപരിയായി നിത്യതയ്ക്ക് മുൻഗണന നൽകുവാൻ സാധിക്കണം.

## യിസ്ഹാക്ക് ഒരു കിണർ കുഴിച്ചു

പിതാവ് കുഴിച്ച കിണർ നഷ്ടപ്പെട്ടുപോയത് വീണ്ടും കുഴിക്കണമെന്ന വലിയ വാഞ്ച. ദൈവവുമായുള്ള അഭേദ്യമായ ബന്ധം തലമുറകളിലൂടെ നിലനിർത്തുവാൻ നമുക്ക് സാധിക്കണം. ഇന്നത്തെ സമൂഹം ജീവന്റെ കിണറിനെ ഉപേക്ഷിച്ച് പൊട്ടക്കിണറുകളെ കുഴിച്ചിരിക്കുന്നു. ആത്മഭാരമുള്ള പ്രവർത്തകരാണ് ഇന്നത്തെ സഭയ്ക്ക് ആവശ്യം. ദൈവത്തിന്റെ പ്രവർത്തകർ ആകുന്നതിൽ നാം അഭിമാനിക്കണം. സുവിശേഷം പറയേണ്ടത് സ്വന്ത വീടുകളിലാണ്. ഓരോ വീടും ഒരു വയൽ പ്രദേശമാകണം. കുടുംബത്തിലാണ് ഒരു വ്യക്തി രൂപപ്പെടുന്നത്.

ജീവന്റെ ഉറവയായ ദൈവത്തിൽ നമ്മുടെ വിശ്വാസം സ്ഥിരപ്പെട്ടതാണോ എന്ന് നാം ശാന്തമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

നമുക്ക് സുവിശേഷം പറയുന്നതിൽ സന്തോഷമുണ്ടാകണം.യേശുവിനെ അറിയാത്ത അനേകായിരങ്ങളെക്കുറിച്ച് നമുക്ക് ആത്മഭാരമുണ്ടാകണം. യിസ്ഹാക്ക് വളർന്ന് ധനവാനായി തീർന്നു. തന്റെ പിതാക്കന്മാരിൽ നിന്നും പകർന്ന് കിട്ടിയത് യിസ്ഹാക്കിനെ അനുഗ്രഹീതനാക്കി തീർത്തു. സുവിശേഷം നമ്മുടെ ഭവനങ്ങളിൽ വച്ച് തന്നെ തുടങ്ങണം. കുടുബത്തിലാണ് വേദവചനത്തിന്റെ ആദ്യ അക്ഷരങ്ങൾ കുറിക്കപ്പെടുന്നത്. കുടുംബത്തിൽ ദൈവവചനത്തിന് സ്ഥാനം നൽകിയില്ലെങ്കിൽ നമ്മുടെ ജീവിത യാത്ര ലക്ഷ്യമില്ലാത്തതായി മാറും. ദൈവത്തെ മക്കൾക്കു നൽകുന്നതിൽ നാം ധനവാന്മാരോ? വിശ്വാസം തലമുറയ്ക്കു നൽകുന്നതിൽ യിസ്ഹാക്ക് ധനവാനായിരുന്നു. പിതാക്കന്മാരുടെ ദൈവം എന്റെ ദൈവം എന്ന് നമ്മുടെ മക്കൾ പറയുമോ ?

# സുവിശേഷീകരണത്തിൻെറ അടിയന്തര ബോധം

(യോഹ: 4:42)

ദേവനഹള്ളിയിലെ പള്ളിയിൽ നടന്ന ഒരു സ്നാനശുശ്രൂഷയിൽ നാൽപ്പതോളം പേർ സ്നാനപ്പെട്ടു സഭയോടു ചേർന്നു. അതിൽ ഉയരം കുറഞ്ഞ, രണ്ടു കാലുകളും തളർന്ന ഒരു യുവതിയുമുണ്ടായിരുന്നു. നാളു കൾക്കുശേഷം ആ പള്ളിയിൽ മറ്റൊരു സ്നാനശുശ്രൂഷയിൽ പങ്കെടുത്തു. അംഗവൈകല്യം വന്ന ആ യുവതി യുടെ സാക്ഷ്യത്തിൻെറ ഫലമായി മുപ്പത്തഞ്ചോളം പേരെ സ്നാനത്തി നായി അന്നുകൊണ്ടുവന്നിരുന്നു. അ വൾ അനുഭവിക്കുന്ന ആദ്ധ്യാത്മിക മായ സന്തോഷത്തിലേക്ക് മറ്റുള്ള വരേയും അവൾ കൊണ്ടുവന്നു. ഈ ശുശ്രൂഷയാണ് സഭയെ ഏൽപ്പിച്ചിരി ക്കുന്നത്. ഈ നിയോഗം ഗൗരവമാ യെടുക്കുന്ന ഏവരും സുവിശേഷ വേലയിൽ പങ്കെടുത്തേ മതിയാകൂ. അതു നിർവ്വഹിക്കേണ്ടത് ക്രിസ്തു വിൻെറ ശൈലിയിലാണ്. ക്രിസ്തു വിൻെറ സുവിശേഷീകരണ ശൈലി ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു.

കർത്താവ് ഒരേ സമയം സുവിശേ ഷവും സുവിശേഷകനുമായിരുന്നു.

1. തികഞ്ഞ ഏകാന്തത ആഗ്ര ഹിച്ച, സാധാരണക്കാരിയായ ഒരു യുവതിയെ ഇവിടെ കാണുന്നു. തൻെറ വ്യക്തിത്വവും ആളത്വവും മറ്റുള്ളവരുടെ മുമ്പിൽ വെളിപ്പെടു ത്തുവാൻ ആഗ്രഹമില്ലാതെ ഒറ്റയാനായി ജീവിക്കു വാൻ ആഗ്രഹിക്കുന്ന അനേകർ ഉണ്ട്. സാഹചര്യ ത്തിൻെറ സമ്മർദ്ദത്താൽ സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്നവരുണ്ട്. കൂടാതെ സാമ്പത്തിക പോരായ്മ കൾ നിമിത്തം ഒറ്റപ്പെടുന്നവരുണ്ട്. സ്വന്ത വ്യക്തി ത്വത്തിൽ അഭിമാനം കാണാൻ ആഗ്രഹിക്കാതെ ''അരികന്മാരായി'' കഴിയുന്ന അനേകർ സമൂഹത്തിൽ ഉണ്ട്. അവരെ സമൂഹത്തിൻെറ കോണിൽ നിന്ന് മുഖ്യ ധാരയിലേക്കു കൊണ്ടുവരുവാൻ നാം ബാദ്ധ്യസ്ഥ രായിരിക്കുന്നു.

2. അവർ ഒറ്റയാനായതിനു കാരണം സമൂഹം തന്നെയാകാം. അവൾ അധമയെന്ന് മുദ്രകുത്ത പ്പെട്ടവളാണ്. പല കാരണങ്ങളാൽ സമൂഹത്തിൽ എഴുതിതള്ളപ്പെടുന്നവരുണ്ട്. പലരുടെയും സ്വാർത്ഥ താല്പര്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി തള്ളിമാറ്റ പ്പെടുന്നവർ ഭവനങ്ങളിലും ഇടവകയിലും സമൂ ഹത്തിലും, രാഷ്ട്രീയത്തിലും ഉണ്ട്. അവരോട് യേശു പറയുന്നു എനിക്ക് അവരെയും ആവശ്യമുണ്ട്. പരിപാടികളെക്കാൾ വ്യക്തികൾക്കായിരുന്നു കർ ത്താവിൻെറ മുമ്പിൽ പരിഗണന. ഇന്ന് പരിപാടിക ളുടെ ബാഹുല്യത്താൽ വ്യക്തികൾ ഞെരിഞ്ഞമ രുന്നു. അവരെ വീണ്ടെടുക്കുന്നതു സുവിശേഷ വേലയാണ്.

ഒറ്റപ്പെട്ട ഈ സ്ത്രീ യേശുവിനെ കണ്ടെത്തിയ തോടെ സുവിശേഷകയായി മാറുന്നു. അവളെ വീണ്ടെടുക്കുന്നതിലൂടെ സുവിശേഷവേലയുടെ ശൈലിയും നിയോഗവും യേശുക്രിസ്തു വിവരി ക്കുന്നു.

യഹൂദന്മാരുമായി ശത്രുതയിലുള്ള ശമര്യരുടെ പട്ടണത്തിലൂടെയാണ് കർത്താവ് യാത്രചെയ്യുന്നത്. മാത്രമല്ല സാധാരണയിൽ നിന്നു വ്യത്യസ്തമായി പകൽ നട്ടുച്ചനേരത്ത് അവൾ വെള്ളം കോരുവാൻ പോയി. അസാധാരണ സമയത്ത് അസാധാരണ മാർഗ്ഗ ത്തിലൂടെ യേശുക്രിസ്തു സുവിശേഷീകരണത്തിൻെറ ശൈലി വിവരിക്കുന്നു.



*റൈറ്റ് റവ. തോമസ് മാർ തിമോത്തിയോസ്*

യഹൂദപാരമ്പര്യങ്ങളും മതചട്ടങ്ങളും ലംഘിച്ച് കർത്താവ് പ്രവർത്തിക്കുന്നു.- പൊതുജീവിതത്തിൽ വച്ച് ഒരു സ്ത്രീയോടു സംസാരിക്കുന്നു. വ്യക്തികൾ കർത്താവിൻെറ മുമ്പിൽ എത്തുമ്പോൾ ഘടനകൾ അ വന് ഒരു തടസമല്ല. പാരമ്പര്യങ്ങളും ഘടനകളും രൂപാന്തരത്തിനു തടസ്സമായി വരുന്നോ !

മനുഷ്യത്വം മറന്ന് ദിവ്യത്വം നടിക്കുന്നവരുടെ ലോകമാണിത്. എന്നാൽ മനുഷ്യത്വം മറച്ചു വയ്ക്കാതെ സാഹചര്യങ്ങളുമായി താതാത്മ്യം പ്രാപിക്കുന്ന ഒരു സുവിശേഷകനെ കർത്താവിൽ നാം കാണുന്നു. വ്യക്തികളുടെ ആവശ്യങ്ങളിലേക്ക് ഇറങ്ങിചെന്ന് പ്രതികരിക്കുന്നവനാണ് അവൻ.

തൻെറ പ്രവർത്തനങ്ങളിൽ സംതൃപ്തി അനുഭവ പ്പെടുന്ന ഒരു സുവിശേഷകനായിരുന്നു യേശു. അ സംതൃപ്തർക്ക് പ്രവർത്തന വിജയം അനുഭവി ക്കുവാൻ കഴിയില്ല. പ്രവർത്തന സ്ഥലവും ചുറ്റു പാടുകളും അസൗകര്യമായാൽ അസ്വസ്ഥമാകു ന്നവർ അനേകർ ഇന്നില്ലേ !

സാധാരണക്കാരുടെ ആവശ്യങ്ങളുടെ ഭാഷ യിലാണ് യേശു സംസാരം ആരംഭിക്കുന്നത്. എനിക്ക് വെള്ളം ആവശ്യം. സ്ത്രീയെ കർത്താവ് പൊടു ന്നനവേ കർത്താവിൻെറ തലത്തിലേക്ക് ഉയർത്തു കയല്ല, അവളുടെ തലത്തിലേക്ക് ഇറങ്ങിചെന്ന് സുവി ശേഷം പങ്കിടുന്നു. ദൗത്യത്തിൻെറ മേഖലകളിൽ ജനങ്ങളുടെ / ശ്രോതാക്കളുടെ തലത്തിലേക്ക് ഇറങ്ങിചെന്നു പ്രവർത്തിക്കുന്ന ശൈലിയാണ് ആവശ്യം.

അങ്ങനെ ലളിതമായതിൽ നിന്ന് ഘനമായതിലേ ക്ക് പ്രവേശിക്കുന്ന കർത്താവ് വ്യക്തിഗതമായ അനു ഭവത്തിൽനിന്ന് സാമൂഹ്യമാനങ്ങളി ലേക്ക് അവളെ നയിക്കുന്നു. ആരാ ധനയുടെ മാനങ്ങളിലേക്ക്, വിശ്വാ സത്തിൻെറ മേഖലകളിലേക്ക് അവളെ ഉയർത്തുന്നു. അതിലൂടെ, അവൾ സ്വന്ത വ്യക്തിത്വം മനസിലാക്കുന്നു.

നാം എല്ലാം സുവിശേഷകരാണ്. കർത്താവ് ഈ മാർഗ്ഗത്തിലൂടെ നമ്മെ രൂ പാന്തരപ്പെടുത്തി. ആ സന്ദേശം മറ്റുള്ള വർക്ക് നൽകുവാൻ നാം ബാദ്ധ്യസ്ഥ രാണ്. സ്ത്രീയുടെ പ്രതികരണം അ താണ് നമ്മെ പഠിപ്പിക്കുന്നത്. 1) അ ടിയന്തിര ബോധത്തോടെ അവൾ പ്ര വർത്തിക്കുന്നു. സുവിശേഷവേല അത്യ ാസന്ന രോഗിക്കു നൽകുന്ന പരിച രണത്തിനു തുല്യമാണ്. എല്ലാം ജീവിതം ഭദ്രമാക്കിയതിനുശേഷം ചെയ്യേണ്ടതല്ല.

2) അവളുടെ മുൻഗണനയിൽ മാറ്റം വന്നു. അന്നുവരെ ഉപജീവനമാർ ഗ്ഗത്തിനു മാത്രമായിരുന്നു അവൾ മുൻഗണന നൽകിയിരുന്നത്. ഇതാ അതിനു മാറ്റം കുടം വച്ചിട്ട് അവൾ ഗ്രാമങ്ങളിലേക്കു പോയി. സുവിശേഷ വേലയ്ക്ക് മുൻഗണന നൽകി പ്രവർ ത്തിക്കുന്നു. നഷ്ടപ്പെട്ടു പോകുന്ന വരെക്കുറിച്ചുള്ള ആത്മഭാരം അവളുടെ മുൻഗണനാ പട്ടികയിൽ .

3) ആധികാരികതയോടെ സുവി ശേഷം പ്രസംഗിക്കുന്നു. സുവിശേഷ വേലയിൽ ആധികാരികത അനിവാര്യമാണ്. ആധി കാരികതയ്ക്കു മുമ്പിൽ ആരും തലകുനിക്കും. നാം ഘോഷിക്കുന്ന വചനം ആധികാരികമായി പറയുവാൻ നമുക്കു കഴിവ് ആവശ്യമാണ്.

4) വിശ്വാസം അടിച്ചേൽപ്പിക്കാതെ അനുഭവ ത്തിനായി ആഹ്വാനം ചെയ്യുന്നു. സുവിശേഷം അടി ച്ചേൽപ്പിക്കാനുള്ളതല്ല. അനുഭവരസത്തോടെ പങ്കി ടുന്ന സുവിശേഷം മറ്റുള്ളവരെ ആകർഷിക്കും.

ഇതിൻെറ ഫലമായി ശമര്യാപട്ടണത്തിൽ അനേ കർ യേശുവിനോടൊപ്പം പാർക്കുവാൻ വന്നു. മാത്രമല്ല സാക്ഷ്യത്തിൻെറ ആഴങ്ങളിലേക്കു അവർ എത്തിച്ചേരുന്നു.

"If you are convinced of what you speak, what you speak will be convincing ".

ആധികാരികതയോടെ, അടിയന്തിരബോധ ത്തോടെ, അനുഭവരസത്തോടെ സുവിശേഷം അറിയി ക്കുവാൻ നാം ബാദ്ധ്യസ്ഥരായിക്കുന്നു. അതിനായി കർത്താവു നമ്മെ സഹായിക്കട്ടെ. കർത്താവിനു വേണ്ടി സാക്ഷിയായിരിപ്പാൻ നമ്മെത്തന്നെ സമർ പ്പിക്കാം.

" He has no hands but our hands
To do His work today
He has no feet but our feet
To lead men in His way
He has no voice but our voice
To tell men how He died
He has no help but our help
To lead them to His side ."

# തിന്മശക്തികൾക്കെതിരെ ദൈവശക്തിയിൽ മുന്നേറാം

**വേദഭാഗം : പുറപ്പാട് 17: 8-13**



റൈറ്റ് റവ. ഡോ. ഐസക് മാർ പീലക്സിനോസ്

ദൈവജനത്തിന് ദൈവമായുള്ള ബന്ധത്തിൽ ദൈവത്തെ അറിയുവാൻ കഴിയണം. ജീവിതയാത്രയിലെ പോരാട്ടത്തിലും പ്രശ്നത്തിലും ദൈവവുമായുള്ള ബന്ധം നിലനിർത്തണം. യിസ്രായേൽ ചരിത്രത്തിലെ വിടുതലിൻെറ പുസ്തകമാണ് പുറപ്പാട്. ജോസഫിനെ അറിയാത്ത രാജാവ് വന്നപ്പോൾ ജനങ്ങൾ പീഡനവും, കഷ്ടതയും അനുഭവിക്കേണ്ടതായി വന്നു. ജനത്തെ അടിമവേല ചെയ്യിപ്പിച്ചു. ഇവിടെ ദൈവം ചരിത്രത്തിൽ ഇടപെടുന്നു. ജനം യിസ്രായേൽ രാജ്യത്തിന് ഭീഷണിയായി മാറി. യിസ്രായേൽ ജനത്തിൻെറ കരച്ചിൽകേട്ട് ദൈവം അവരെ പാലും തേനും ഒഴുകുന്ന ദേശത്തിലേക്ക് കൊണ്ടുപോകുന്നു. അടിമത്വത്തിൽ നിന്ന് (സ്വാതന്ത്ര്യം) വിടുതൽ നൽകുന്നു. വിടുതൽനല്കി യെങ്കിലും അത് അനുഭവിച്ച ജനം പിറുപിറുത്തു, ദൈവത്തെ മറന്നു. ജനം മോശയുടെ നേരെ കലഹിക്കുന്നു. അല്പം ബുദ്ധിമുട്ട് വന്നപ്പോൾ അനുഭവിച്ച നന്മകളെ മറക്കുന്ന അനുഭവം. ദൈവത്തെ പരീക്ഷിച്ചു തമ്മിൽ തമ്മിൽ കലഹിക്കുന്നു. ദൈവം നമ്മെ കരുതുന്നുയെന്നു പറഞ്ഞാൽ തന്നെയും യാഥാർത്ഥ്യമായി കരുതുമോ? നാം ചിന്തിക്കില്ലേ . വേദനയുടെ പ്രയാസത്തിൻെറ മദ്ധ്യത്തിൽ ദൈവത്തെ പരീക്ഷിക്കാതെ ദൈവത്തിൽ അടിത്തറപാകി വിശ്വസിക്കുവാൻ നമുക്കു കഴിയണം. നാം എന്തിന് പ്രാധാന്യം നൽകുന്നു. ദൈവമേ നീ എൻെറ ദൈവമെന്നു പറയുവാൻ നമുക്കു കഴിയണം. ദൈവത്തെ പരീക്ഷിക്കുന്ന ജനം ദൈവത്തെ അറിയാത്ത ജനമാണ്. നീ ഈ പാറയിൽ കയറുക, പാറയിൽ അടിച്ചാൽ പ്രയോജനമെന്തെന്ന് നാം കരുതിയാലും അതിൽ സാധ്യതയുണ്ടാക്കുവാൻ ദൈവത്തിനു കഴിയും.

ദാഹം തീർന്നിരിക്കുമ്പോൾ അമാലേക്കിൻെറ കൂട്ടർ വരുന്നു. ഒരിക്കലും യിസ്രായേൽ ജനം ഏറ്റുമുട്ടുവാൻ സാഹചര്യം വന്നിട്ടില്ലായിരുന്നു. ഇപ്പോൾ അമാലേക്കർ യുദ്ധത്തിന് വന്നു. ജീവിതം പോരാട്ടത്തിൻെറ മദ്ധ്യത്തിലാണ്. ജീവിതം സുഖമല്ല. തിന്മശക്തിയുടെ മേലുള്ള വിജയമായിരിക്കണം. നാം തിന്മയോടു പോരാടണം. എങ്ങനെ തിന്മയെ അതിജീവിക്കണം. തിന്മശക്തി വലിയ രീതിയിലും ചെറിയ രീതിയിലും നമ്മിൽ സ്വാധീനം ചെലുത്തുന്നു. അതിനെ തിരിച്ചറിയുവാൻ നമുക്കു കഴിയണം. ഇന്ന് തിന്മശക്തിയെ എതിർക്കുന്നവരെ തിന്മശക്തികൾ വിഘ്നം ചെയ്യുന്നു. ദൈവത്തിൻെറ സർവ്വായുധ വർഗ്ഗം (എഫേ. 6:11-12) എടുത്തു പോരാടണം. ഇവിടെയാണ് ക്രൈസ്തവസഭയുടെ സവിശേഷത ദർശിക്കുവാൻ കഴിയുന്നത്. പ്രലോഭനത്തിൻെറ മദ്ധ്യത്തിൽ ധാർമ്മികത ഉയർത്തിക്കാട്ടുവാൻ കഴിയണം. ജീവിതത്തിൽ എന്തിന് പ്രാധാന്യം നൽകുന്നു. എന്താണ് നമ്മെ നിയന്ത്രിക്കുന്നത്? ഒരു ശക്തിക്കും നമ്മെ കീഴ്പ്പെടുത്തുവാൻ കഴിയില്ലെന്നു പറയുവാൻ കഴിയണം.

യോശുവായോടു മോശ പറയുന്നു, ജനങ്ങളെ തിരഞ്ഞെടുത്തു യുദ്ധം ചെയ്യുവാൻ പറയുന്നു. ഇതിന് മുമ്പ് ദൈവമായിരുന്നു പോരാടിയിരുന്നത്. മോശ ദൈവത്തിൻെറ വടി ഉയർത്തി പിടിക്കുമ്പോൾ വിജയവും, താഴ്ത്തിപ്പിടിക്കുമ്പോൾ പരാജയവും, മോശ ജനത്തിനുവേണ്ടി കണ്ണുനീരോട് പ്രാർത്ഥിക്കുന്നു.. മോശയുടെ കൈയ്യിൽ ഒരു വടി മാത്രം. ദൈവത്തിൻെറ മഹത്വം വെളിപ്പെടുത്തുവാൻ ഈ വടി ഉപയോഗിക്കുന്നു. ചെങ്കടലിനെ അടിക്കുന്ന വടി, പ്രതിബന്ധത്തിൻെറ മദ്ധ്യത്തിൽ മഹത്വമായി മാറി. ദൈവം ആവശ്യത്തിൻെറ മദ്ധ്യത്തിൽ കരുതുന്ന വടിയാണ്. മോശയുടെ വടിയിലൂടെ ദൈവത്തിൻെറ കരങ്ങൾ വെളിപ്പെടുത്തി. കൈ ഉയരുന്നത് പ്രാർത്ഥനയെ വെളിപ്പെടുത്തുന്നു. ദൈവത്തിൻെറ കരം സ്പർശിക്കുമ്പോൾ പരാജയങ്ങൾ വിജയമായി മാറുന്നു. ദൈവത്തിൻെറ സ്പർശനം നമ്മെയും , കുടുംബത്തെയും, സമൂഹത്തെയും, ശുദ്ധീകരിക്കുന്നതാണ്. ദൈവത്തിൻെറ കരസ്പർശത്താൽ തിന്മ ശക്തിയുടെമേൽ വിജയം ആർജ്ജിക്കുവാൻ കഴിയണം. കർത്താവേ നീ എൻെറ ദൈവം, നാം ആയിരിക്കുന്ന സാഹചര്യത്തിൽ കലഹിക്കാതെ, പിറുപിറുക്കാതെ മത്സരിക്കാതെ ജീവിക്കുവാൻ ശക്തീകരിക്കേണമേ. ●

***മാരാമൺ കൺവൻഷൻ 1998 ഫെബ്രുവരി 17 ചൊവ്വ***
***(പുരുഷന്മാരുടെ ബൈബിൾ ക്ലാസ്സ്)***

**റവ. ഡോ. മാർട്ടിൻ പോൾ അൽഫോൻസ് പരിഭാഷ - റവ. ഡോ. കെ. എ. എബ്രഹാം**



## വേദഭാഗം - വി. മർക്കോസ് : 1:16 -20; 2:13,14; 3: 13-19

യേശുക്രിസ്തു ദൈവരാജ്യ ഉദ്ഘാടനത്തിനുശേഷം ശിഷ്യ സമൂഹത്തെ തിരഞ്ഞെടുക്കുന്നു. സാധാരണ ജനങ്ങളെ ദൈവരാജ്യ പദ്ധതിയ്ക്ക് വേണ്ടി നിയോഗിക്കുന്നു. അതുല്യമായ മനുഷ്യത്വത്തിലേക്ക് ശിഷ്യന്മാരെ വിളിച്ചു വേർതിരിച്ചു. ഇതാണ് യേശുവിൻെറ ഏറ്റവും മഹത്തായ അതിശയം.

യേശുകർത്താവിൻെറ വിളിയിൽ അടങ്ങിയിരിക്കുന്ന സവിശേഷത ചിന്തിക്കാം.

1. വിളിയുടെ രഹസ്യ സ്വഭാവങ്ങൾ
   - a. **ആരെ വിളിച്ചു**
   - b. **വിളിച്ച സമയം**
   - c. **വിളിയോടുള്ള പ്രതികരണം**

**ആരെ വിളിച്ചു**

സാധാരണക്കാരായ മീൻപിടുത്തക്കാരെ വിളിച്ചശേഷം യേശു പറഞ്ഞു ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും. ദൈവരാജ്യ വേലയിൽ യോഗ്യതയില്ലെന്നു ചിന്തിച്ച് നിഷ്ക്രിയരായി ജീവിക്കുന്നവരെ യേശു വിളിക്കുന്നു.

**വിളിച്ച സമയം**

യേശു കർത്താവ് നമ്മ വിസ്മയിപ്പിക്കത്തക്കവിധത്തിലും നാം പ്രതീക്ഷിക്കാത്ത സമയത്തും അനുഗമിക്കുവാൻ വിളിക്കുന്നു. ഈ സമയം

*Continued on next page*

# യേശുക്രിസ്തുവിൻെറ ഉപമകൾ : ഒരു പഠനം



ബിഷപ്പ് ജെ. എം.ജെ. ഫെർണാൻഡോ

ഇന്ന് 5 ഉപമകളെക്കുറിച്ചു പഠിക്കാം. ഉപമകളിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് ഒരു ചോദ്യം നമ്മോടു തന്നെ ചോദിക്കേണ്ടതുണ്ട്. ഈ ഉപമയിലൂടെ എനിക്ക് ലഭിക്കേണ്ട ദൈവരാജ്യ സന്ദേശം എന്ത് എന്നാകുന്നു. കേവലം 12 ശിഷ്യന്മാർ മാത്രമുള്ള യേശുക്രിസ്തു ദൈവരാജ്യം സ്ഥാപിക്കുന്നതെങ്ങനെ എന്നു ചോദ്യമുണ്ടായി. ഇതിന് ഉത്തരമായി യേശുക്രിസ്തു ഉപമകളിലൂടെ ഉത്തരം നൽകി.

**1. കടുകുമണിയുടെ ഉപമ** (മത്താ. 13:31)

യേശുക്രിസ്തുവിൻെറ ഉപമകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപമയാണിത്. നമ്മുടെ പരിശ്രമങ്ങൾ എത്ര ചെറുതായിരുന്നാലും അതിന് വളരെ ഫലമുണ്ടാകുമെന്ന് ഈ ഉപമ പഠിപ്പിക്കുന്നു. ലോകത്തിലെ ഏത് സംരംഭത്തിൻെറയും തുടക്കം ചെറിയ പരിശ്രമങ്ങളിലൂടെയായിരുന്നു. നമ്മുടെ ചെറിയ പരിശ്രമങ്ങൾ പോലും ദൈവരാജ്യത്തിൻെറ കെട്ടുപണിയ്ക്ക് ഉപയുക്തമായി തീരും. അനേകർക്ക് അനുഗ്രഹവിഷയമായിത്തീർന്നു.

**2. വിത്ത് വിതച്ച് ഉറങ്ങുവാൻ പോയ മനുഷ്യൻ** (മർക്കോ. 4:26)

ഇന്ന് വളരെ പ്രസക്തമായ ഉപമയാണ് ഇത്. ഒരു വിത്ത് വിതച്ച ശേഷം പടിപടിയായി പൂർണ്ണവളർച്ചയെത്തി ഫലമുള്ളതായി തീർന്നു. സഹിഷ്ണത ജീവിതത്തിൽ ആവശ്യമാണ് എന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. പടിപടിയായുള്ള വളർച്ചയാണ് ഏറ്റവും അനുയോജ്യം. ദൈവരാജ്യത്തിൻെറ പ്രവർത്തനങ്ങളിൽ ക്ഷമയോടുകൂടി വ്യാപൃതരാകുവാൻ നാം പരിശ്രമിക്കണം.

**3. പുളിച്ച മാവിൻെറ ഉപമ** (ലൂക്കോ. 13: 20, 21)

യേശുക്രിസ്തുവിൻെറ രാജ്യത്തിൻെറ പ്രവർത്തനം മാനുഷിക പ്രയത്നത്തിൽ അധിഷ്ഠിതമല്ല. യേശുക്രിസ്തുവിൻെറ കാലത്ത് ലോകം വളരെ ലളിതമായിരുന്നു. സാധാരണയായി കാണുന്ന സകല കാര്യങ്ങളും ജനങ്ങൾക്ക് അറിയാമായിരുന്നു. ദൈവരാജ്യ പ്രയത്നം മനുഷ്യനെ ആശ്രയിച്ചല്ല നിലനിൽക്കുന്നത്. ദൈവരാജ്യ പ്രവർത്തനങ്ങൾ സ്വയമായി തന്നെ പുരോഗതിയിലേക്ക് നയിക്കപ്പെടും.

**4. നല്ല വിത്ത് വിതച്ച മനുഷ്യൻ** (മത്താ. 13:24)

യേശു ശിഷ്യന്മാരോട് പറഞ്ഞിരിക്കാം. എല്ലാ ദേശത്തേക്കും സുവിശേഷം അറിയിക്കുക എന്ന്. എന്നാൽ ശിഷ്യന്മാരുടെ പ്രവർത്തനങ്ങൾക്ക് വളരെ പ്രതികൂലങ്ങൾ നേരിട്ടിരിക്കാം. ഇതിന് മറുപടിയായിരിക്കും ഈ ഉപമ യേശുക്രിസ്തു പറഞ്ഞത്.

വളരെ ബുദ്ധിമുട്ടിലാണ് ഈ മനുഷ്യൻ വിതയ്ക്കുന്നതിനുവേണ്ടി നിലം ഒരുക്കിയത്. വിത്ത് വിതച്ചതിന് ശേഷം ദിവസങ്ങൾക്കുള്ളിൽ വിത്ത് മുളച്ചു. എന്നാൽ യഥാർത്ഥ വിത്തിൻെറ ഇടയിൽ കളകൾ വളർന്നിരിക്കുന്നതായി കണ്ടു. ഇത് ഏറ്റവും നിരാശാജനകമായ ഒരു അനുഭവമാണ്. നാം കളയെന്ന് വിചാരിക്കുന്നത് ഒരു പക്ഷെ നല്ല ചെടിയായിരിക്കാം. അതുകൊണ്ട് വിധിക്കുവാൻ നമുക്ക് അവകാശമില്ല. കൊയ്ത്തിൻെറ സമയത്ത് കളകളും കതിർ മണികളും വേർതിരിക്കപ്പെടും. ഏറ്റവും പ്രധാനപ്പെട്ട വാക്ക് ഈ ഉപമയിൽ കാണുന്നത് ശ്രദ്ധേയമാണ് ! കളയും കതിരും കൊയ്ത്തോളം വളരട്ടെ.''

**5. വിതയ്ക്കുന്നവൻെറ ഉപമ**

ദൈവരാജ്യത്തിനുവേണ്ടി പരിശ്രമിക്കുന്ന സമയത്ത് നമ്മുടെ പരിശ്രമങ്ങൾ പൂർണ്ണഫലം ഉളവാക്കിയെന്ന് വരികയില്ല. എന്നാൽ പരാജയത്തിൻെറ മുഖത്ത് നാം നിരാശരായി പോകരുത് എന്ന് യേശു പറയുന്നു. ഈ ഉപമയിൽ ഉൾപ്പെട്ടിരിക്കുന്ന സന്ദേശം ദൈവരാജ്യമാണ്.

ഇത് പഠിച്ച 4 ഉപമകൾ കൃഷിയുമായി ബന്ധമുള്ളതായിരുന്നു. സാധാരണമായ കാര്യങ്ങളിൽകൂടി യേശുക്രിസ്തു വിലയേറിയ പാഠങ്ങൾ പഠിപ്പിക്കുകയാണ്.

---

*Continued from page 24*

നിർണ്ണായകമായി മനുഷ്യൻ കരുതുന്നു.

**വിളിയോടുള്ള പ്രതികരണം**

ദൈവത്തിൻെറ **ശിഷ്യത്വത്തിലേക്ക്** നമ്മെ വിളിക്കുമ്പോൾ ശിഷ്യന്മാരു വേഗത്തിലുള്ള പ്രതികരണത്തിൽ **ജനങ്ങൾക്ക്** വിസ്മയം ഉണ്ടാകുന്നു. ദൈവരാജ്യ വേല നിഷേധിക്കുവാനല്ല, പ്രത്യുത വേഗത്തിൽ ക്രിയാത്മകമായി പ്രതികരിക്കുവാനുള്ളതാണ്.

**2. ദൈവരാജ്യ വിളിയിൽ അന്തർഭവിച്ചിരിക്കുന്നതു ശുശ്രൂഷയുടെ ദൗത്യം**

ദൈവ**രാജ്യത്തിൻെറ** നിർമ്മിതിയ്ക്ക് വേണ്ടി യേശു ശിഷ്യന്മാരെ തിരഞ്ഞെടുത്തത്. മനുഷ്യൻെറ ആദ്ധ്യാത്മികവും, മാനസികവും, വൈകാരികവും, ഭൗതികവും ആയ **നിരവധി ആവശ്യ**ങ്ങളിൽ നിന്ന് ഒളിച്ചോടുവാനല്ല, മറിച്ച് **ശുശ്രൂഷ**ാദൗത്യം **ആവശ്യാ**നുസരണം കടമകൾ നിറവേറ്റുവാനാണ്. **ജനങ്ങളിൽ** ശിഷ്യന്മാരുടെ പ്രവർത്തനത്തിലൂടെ ദൈവരാജ്യത്തിൻെറ വിത്ത് വിതയ്ക്കപ്പെടുന്നു. അനീതിയിലും, അഴിമതിയിലും, ചൂഷണത്തിലും, അധാർമ്മികതയിലും, ജീവിക്കുന്ന ജനങ്ങളെ നാം ആയിരിക്കുന്ന സാഹചര്യത്തിൽ നിന്ന് ദൈവീകമൂല്യത്തിനുവേണ്ടി പ്രവർത്തിക്കണം.

**3. മിഷനറി ദൗത്യം**

യേശു കർത്താവിനോടുകൂടി എല്ലായ്പ്പോഴും ആയിരിക്കുവാൻ ശിഷ്യത്വത്തിലേക്ക് വിളിക്കുന്നു. ദൈവരാജ്യ വേല പ്രസംഗിക്കുവാൻ മനുഷ്യരെ കർത്താവ് വിളിച്ചിരിക്കുന്നു. മനുഷ്യൻെറ ഭൗതിക അസ്തിത്വത്തിനുവേണ്ടിയല്ല, മറിച്ച് ദൈവരാജ്യ പദ്ധതിയുടെ പ്രഘോഷണത്തിനുവേണ്ടി ഭൂതങ്ങളെ പുറത്താക്കുവാൻ യേശു വിളിച്ചിരിക്കുന്നു. തിന്മയുടെ ശക്തിയെ അധികാരത്തോട് അഭിമുഖീകരിക്കുവാനും പ്രതികരിക്കുവാനും യേശുക്രിസ്തുവിൻെറ ശക്തി നമ്മിൽ ഉണ്ട്.



റവ. ഡോ. പി. പി. ഏബ്രഹാം
*സുവിശേഷസംഘം ജനറൽ സെക്രട്ടറി*

# സഭ ദൈവരാജ്യത്തിൻെറ ഉപകരണം, അടയാളം, മാതൃക

**മാരാമൺ കൺവൻഷൻ 1998, ഫെബ്രു. 17, ചൊവ്വ, സമയം 2.30 P. M.**

*പ്രസംഗകൻ* : **റൈറ്റ്. റവ. കെന്നത്ത് ഫെർണാൻഡോ** *പരിഭാഷ:* **റവ. ഡോ. ഏബ്രഹാം കുരുവിള**

**വേദഭാഗം: മത്തായി: 13:44,45**

ദൈവരാജ്യം വിലയേറിയ മുത്തിനോടു സദൃശം. ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാകുമോ എന്നു സംശയിക്കുന്നവരുണ്ട്. കർത്താവിൻെറ പുനഃരാഗമനത്തിൽ മാത്രമേ അതു പൂർത്തീകരിക്കപ്പെടുകയുള്ളൂ. ദൈവരാജ്യത്തിൻെറ പൂർത്തീകരണത്തിനുള്ള പരിശ്രമം നമുക്കാവശ്യമാണ്. ക്രൈസ്തവ ജീവിതം ഒരു തീർത്ഥയാത്രയാണ്. അതിൻെറ അന്ത്യമാണ് ദൈവരാജ്യം. ദൈവത്തിൻെറ രാജത്വം ഹൃദയത്തിൽ മാത്രമല്ല സമൂഹത്തിലും അംഗീകരിക്കപ്പെടണം.

മനുഷ്യശക്തികൊണ്ട് ദൈവരാജ്യം വരുത്താം എന്നു കരുതുന്നവരുണ്ട്. ഈ ശുഭാപ്തി വിശ്വാസവുമായി ആരംഭിച്ച ഇരുപതാം നൂറ്റാണ്ട് ദുരിതപൂർണ്ണമായാണ് അവസാനിക്കുവാൻ പോകുന്നത്. ശാസ്ത്ര പുരോഗതികൊണ്ട് പുതിയ ലോകം കെട്ടിപ്പടുക്കാം എന്നത് ബുദ്ധിശൂന്യതയാണ്. ദൈവത്തിനു മാത്രം ചെയ്യാവുന്ന ഒന്നാണിത്. അതുകൊണ്ടാണ് ദൈവരാജ്യം എന്നു പേരു വന്നത്. ദൈവരാജ്യ പ്രവർത്തനം നമുക്കു ദൃശ്യമല്ല എങ്കിലും അതു പ്രവർത്തിച്ചുകൊണ്ടേയിരിക്കും. അതാണ് പുളിച്ച മാവിൻെറ ഉപമയുടെ സന്ദേശം. ശ്രീലങ്കയിൽ സമാധാനത്തിനായി വളരെ അദ്ധ്വാനിക്കുന്നുണ്ട്. ഇതുവരെയും യാതൊരു ഫലവും ഇല്ല. എന്നാൽ ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. ഒരുനാൾ ദൈവം പ്രവർത്തിക്കും എന്ന ഉറപ്പ് ഞങ്ങൾക്കുണ്ട്.

## സഭയും ദൈവരാജ്യവും

സമവീക്ഷണ സുവിശേഷങ്ങളിൽ ദൈവരാജ്യം എന്ന് നിരവധി തവണ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ സഭയെപ്പറ്റി വളരെ കുറവ്. എന്താണ് ഇവ തമ്മിലുള്ള ബന്ധം. കർത്താവ് ദൈവരാജ്യം പ്രസംഗിച്ചു. അപ്പോൾ സഭ മുളച്ചുപൊങ്ങി. എന്നാൽ കർത്താവിൻെറ സ്വർഗ്ഗാരോഹണത്തിനുശേഷം സഭ ശക്തമായി വളർന്നു. പക്ഷെ ദൈവരാജ്യത്തിൻെറ സന്ദേശം വിസ്മരിക്കപ്പെടുന്നു.

കർത്താവ് ഒരു ചെറിയ സമൂഹത്തെ തിരഞ്ഞെടുത്തു പരിശീലിപ്പിച്ചുകൊണ്ടാണ് ദൈവരാജ്യത്തിൻെറ സന്ദേശം പഠിപ്പിച്ചത്. 'ചെറിയ ആട്ടിൻ കൂട്ട' മെന്ന് അവർക്ക് പേരും നൽകി. അവരാണ് ദൈവരാജ്യത്തിൻെറ കേന്ദ്രസ്ഥാനം. ഇന്ന് നാം - സഭ- ആ ചെറിയ ആട്ടിൻകൂട്ടമാണ്. ദൈവരാജ്യത്തിനുവേണ്ടിയാണ് സഭ നിലകൊള്ളുന്നത്, നിലകൊള്ളേണ്ടത്.

സഭ ദൈവരാജ്യത്തിൻെറ ഉപകരണമാണ്, അടയാളമാണ്, മാതൃകയാണ്.

ദൈവരാജ്യ നിർമ്മിതിയിൽ സഭ അതിൻെറ ഒരു ഉപകരണമാണ്. സഭയെ കൂടാതെ ദൈവരാജ്യം കെട്ടുപണിചെയ്യുക അസാദ്ധ്യമാണ്

വിഭജിക്കപ്പെട്ട ലോകത്തിൽ ഒന്നാക്കപ്പെടുന്ന സമൂഹം എന്ന നിലയിൽ സഭ ദൈവരാജ്യത്തിൻെറ അടയാളമാണ്. അതായത് സഭാജനങ്ങൾ ദൈവരാജ്യത്തിൻെറ അടയാളമായിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ലോകത്തിൽ നില നിൽക്കുന്ന ഭിന്നതകളുടെ മാർഗ്ഗത്തിൽ പരസ്പരം കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നതിലൂടെ ദൈവരാജ്യത്തിൻെറ മാതൃകയായി സഭ മാറണം. പരസ്പരം അംഗീകരിച്ച് സകല ഭിന്നതകളെയും മറികടന്ന് പോകണം.



**റൈറ്റ്. റവ. കെന്നത്ത് ഫെർണാൻഡോ**

സഭയും ദൈവരാജ്യവും തമ്മിലുള്ള ബന്ധത്തെ ഒരു വലിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ചിന്തിക്കാം. വലിയ ഒരു കെട്ടിടം നിർമ്മിക്കുവാൻ ആലോചനകൾ പൂർത്തീകരിക്കുമ്പോൾ ആദ്യം നിർമ്മിക്കുന്നത് ഒരു ചെറിയ കുടിലാണ്. ശാരീരികവും മാനസികവുമായി മുറിവേൽക്കുമ്പോൾ പണിക്കാർക്ക് ആശ്രയമായി ഈ കുടിൽ മാറും. ക്ഷീണിക്കുമ്പോൾ അവിടെ വിശ്രമിക്കാം. പണിയായുധങ്ങൾ സൂക്ഷിക്കാം. സഭ ഇപ്രകാരമൊരു കുടിലാണ്. മനോഹരമായ ആ കെട്ടിടത്തിൻെറ നിർമ്മിതിയിൽ ഈ കുടിലിന് വലിയ പ്രാധാന്യം ഉണ്ട്. എന്നാൽ പണി പൂർത്തീകരിക്കുമ്പോൾ ആദ്യം ചെയ്യുന്നത്, ഈ കുടിൽ പൊളിച്ചു കളയുന്നതായിരിക്കും. ദൈവരാജ്യം പൂർണ്ണമാകുമ്പോൾ പിന്നെ സഭ ആവശ്യമുള്ളതല്ല. (വെളി. 21: 22). ദൈവരാജ്യ നിർമ്മിതി പൂർണ്ണമാക്കുന്നതുവരെയുള്ള സഭയുടെ ചുമതല വലിയതാണ്. നമ്മുടെ ചുമതല ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതാണ്. സഭയുടെ കാര്യം ഒപ്പം നടന്നുകൊള്ളും. മനുഷ്യൻെറ പണമോ അദ്ധ്വാനമോ കൊണ്ട് സഭ വളരുന്നില്ല. കെട്ടിടങ്ങൾ കൂടുതൽ നിർമ്മിക്കുകയും മനോഹാരിതമാക്കുന്നതിലൂടെ സഭ സ്ഥാപനവത്ക്കരിക്കപ്പെടുകയാണോ?

ദൈവരാജ്യം പഠിപ്പിക്കുമ്പോൾ കർത്താവ് മനസിലാക്കിയ ഒരു വസ്തുത ജനം ഇതു മറന്നുപോകാൻ സാദ്ധ്യതയുണ്ട്. അതിനാൽ അത് സ്മരിക്കപ്പെടുവാൻ കർത്താവ് രണ്ട് നൽവരം നൽകിയിരിക്കുന്നു.

**1. വിശുദ്ധ സ്നാനം**

വിശുദ്ധ സ്നാനത്തിൽ പങ്കെടുക്കുവാൻ മുട്ടുകുത്തുന്നതിലൂടെ നാം എല്ലാം ഒന്നിപ്പിക്കപ്പെടുകയാണ്. സ്വാർത്ഥത നിറഞ്ഞ, ഭൗതികത നിറഞ്ഞ ''ഞാൻ'' അവസാനിക്കണം. പുതുക്കപ്പെട്ട ദൈവരാജ്യത്തിനുവേണ്ടിയുള്ള ''ഞാൻ'' വളരണം. ഒരു പുതിയ മൂല്യം. പുതിയ മതത്വം നൽകുന്നു.

**2. വിശുദ്ധ കുർബ്ബാന**

ദൈവരാജ്യത്തിൻെറ കൂദാശയാണ് വിശുദ്ധ കുർബ്ബാന. ക്രിസ്തുവിൽ ഒരു കുടുംബം എന്ന പ്രാർത്ഥനയാണല്ലോ നമുക്കാവശ്യം. വിശുദ്ധ മേശയിൽ പങ്കെടുക്കുന്നതിലൂടെ വിഭജിക്കപ്പെട്ടവരും തള്ളപ്പെട്ടവരും ഒരുപോലെ വന്നുചേരുന്നു. ഇതു സ്വർഗ്ഗത്തിലും സഭയിലും മാത്രം സംഭവിക്കുന്നതാണ്. ഇന്ന് സഭ സ്വർഗ്ഗത്തിലെ ഈ സന്തോഷത്തിൻെറ ദൃശ്യരൂപമാണോ? ദൈവരാജ്യസന്തോഷത്തിൻെറ ദൃശ്യരൂപമായി വിശുദ്ധ കുർബ്ബാന രൂപപ്പെടണം.

ദൈവത്തിൻെറ വചനത്താലും ദൈവജനത്തിൻെറ ഭോജനത്താലും പുഷ്ടിപ്രാപിച്ച് ദൈവരാജ്യത്തിൻെറ നിർമ്മാണ പൂർത്തീകരണത്തിൽ പങ്കുചേരാം.

ദൈവരാജ്യ നിർമ്മിതിയിൽ സഭയിലെ അംഗങ്ങൾ എന്ന നിലയിൽ ഉപകരണമായും അടയാളമായും, മാതൃകയായും നമുക്ക് ഈ യത്നത്തിൽ പങ്കുചേരാം. ഉത്സാഹത്തോടെ ഈ രാജ്യത്തിൻെറ നിർമ്മിതിയിൽ പങ്കുചേരാം.

**മാരാമൺ കൺവൻഷൻ 1998 ഫെബ്രുവരി 17 ചൊവ്വ 7 p.m.**

*പ്രസംഗകൻ - റവ. ഡോ. മാർട്ടിൻ പോൾ അൽഫോൻസ് പരിഭാഷ : റവ. എ. റ്റി. സഖറിയ*

# നാം ദൈവരാജ്യത്തിൻെറ സാക്ഷികൾ

**വേദഭാഗം : അ.പ്ര. 11: 19-26**



*റവ. ഡോ. മാർട്ടിൻ പോൾ അൽഫോൻസ്*

**അ**ത്ഭുതകരമെന്നു പറയട്ടെ, 103-ാമതു മാരാമൺ കൺവൻഷൻെറ പ്രധാന ചിന്ത ദൈവരാജ്യം എന്നതാണ്. ഇതു മുൻക്രമീകരണമല്ല, തീർത്തും ദൈവനിശ്ചയം മാത്രമാണ്.

പ്രകൃത്യാ നാം ദൈവരാജ്യപ്രജകളാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. സാക്ഷി എന്നവാക്ക് ഗ്രീക്ക് ഭാഷയിൽ Marturia എന്ന പദത്തിൽ നിന്നുണ്ടായതാണ്. Martyr എന്ന പദവും അതിൽ നിന്നുളവായതാണ്. വിശ്വസിക്കുവാൻ കൊള്ളാവുന്ന ആശയത്തിനുവേണ്ടി ജീവിക്കുകയും വേണ്ടി വന്നാൽ മരിക്കയും ചെയ്യുവാൻ തയ്യാറുള്ളവനാണ് സാക്ഷി എന്ന് തിരുവചനം പറയുന്നു. ദൈവമക്കൾ ദൈവരാജ്യത്തിൻെറ മുഴുവൻ സത്യത്തിനും സാക്ഷിയാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതിനു മാതൃകയുള്ളവരായി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഘമാണ് അന്ത്യോഖ്യായിലെ വിശ്വാസികൾ. ആ കാലത്ത് വിവിധ സ്ഥലങ്ങളിൽ വിശ്വാസികൾ പാർത്തിരുന്നു എങ്കിലും അന്ത്യോഖ്യായിലെ വിശ്വാസികൾക്ക് ആദ്യമായി ''ക്രിസ്ത്യാനികൾ'' എന്ന പേരു ലഭിച്ചു. എന്തുകൊണ്ട് അന്ത്യോഖ്യായിലെ ശിഷ്യഗണത്തിന് ആദ്യം ഈ പേരു ലഭിച്ചു ?

അന്ത്യോഖ്യായിലെ ജനത്തിൻെറ ഇടയിൽ ശിഷ്യന്മാർ വളരെ ശ്രദ്ധിക്കപ്പെട്ടിരുന്നു. വംശീയമായും, ദേശീയമായും സാമ്പത്തിക -സാംസ്ക്കാരിക മേഖലയിലും എല്ലാം അവർ പിൻതള്ളപ്പെട്ടവരും പീഡിപ്പിക്കപ്പെട്ടവരുമായിരുന്നു. രാഷ്ട്രീയമായി സ്വന്തമായി രാഷ്ട്രം പോലുമില്ലാത്ത ശക്തിഹീനരായിരുന്നു - തികച്ചും ഒരു ന്യൂനപക്ഷം. എന്നാൽ അവരുടെ സുവിശേഷ സാക്ഷ്യം നിസ്തുലമായതും വ്യക്തമായതുമായിരുന്നതിനാൽ അനേകർ സുവിശേഷത്തിൽ വിശ്വസിച്ചു. (വാക്യം 24, ) ധാരാളം പേർ കർത്താവിങ്കലേക്കു വന്നു (വാ. 26). അവർ പ്രസംഗിക്കുന്ന ദൈവരാജ്യം, വ്യക്തികളെയും ഹൃദയത്തെയും, സമൂഹത്തെ തന്നെയും രൂപാന്തരപ്പെടുത്തുന്നതാണ് എന്ന് സമൂഹം മനസ്സിലാക്കി. അവർ ദൈവരാജ്യത്തിൻെറ യഥാർത്ഥ സാക്ഷികളായി.

ദൈവശാസ്ത്രപരമായും, താത്വികമായും കർത്താവിൻെറ ശിഷ്യത്വം സ്വീകരിച്ചവർക്കു മാത്രമേ ''ക്രിസ്ത്യാനി'' എന്ന വിളിക്കു യോഗ്യതയുള്ളൂ. സഭയിലെ അംഗത്വമോ സാമൂഹ്യ അംഗീകാരമോ അല്ല ശിഷ്യത്വത്തിൻെറ ലക്ഷണം, ഗുരുവിനെ പിൻതുടരുകയും ഗുരുവിനെപ്പോലെ ആകുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ്യ ശിഷ്യൻ.

എന്തുകൊണ്ട് ഇന്ന് സാക്ഷ്യം ഫലകരമാകുന്നില്ല. കർത്താവിനെ നമ്മിൽ ദർശിക്കുവാൻ സമൂഹത്തിനു കഴിയുന്നില്ല. നിങ്ങൾ പ്രസംഗിക്കുന്ന ക്രിസ്തുവിനെ നിങ്ങളിൽ കാണുന്നില്ല എന്നു സമൂഹം ഭാരതത്തിലെ സഭയോടു പറയുന്നു. എന്നാൽ ഒറ്റപ്പെടലിൻെറയും പീഢനത്തിൻെറയും, പട്ടിണിയുടെയും മദ്ധ്യത്തിലും അവരുടെ സ്നേഹം കൊണ്ട്, താഴ്മകൊണ്ട്, ജീവിതത്തിൻെറ ആധികാരികതകൊണ്ടു അന്ത്യോഖ്യായിലെ വിശ്വാസികൾ 'ക്രിസ്ത്യാനികൾ' എന്ന പേരിനു അവർ യോഗ്യരായി. ദൈവരാജ്യത്തിൻെറ സാക്ഷികളായി.

അതിനു പിന്നിൽ അവരുടെ നിസ്തുലമായ ചില സ്വഭാവങ്ങൾ കാണാം.

**1. പ്രത്യേകതയുള്ള സാക്ഷികളായിരുന്നു.**

രണ്ടു കാര്യത്തിൽ അവരുടെ സാക്ഷ്യത്തിൻെറ പ്രത്യേകത ദർശിക്കാം.

**a. ദൂത് സംബന്ധിച്ച പ്രത്യേകത**

തികച്ചും പ്രത്യേകയായ ഒരു സന്ദേശം അവർക്കുണ്ടായിരുന്നു. യേശുവിനെക്കുറിച്ചുള്ള സുവാർത്ത. ഭാരതത്തിലെപോലെ മതബഹുലതയുടെ മദ്ധ്യത്തിലാണ് അവർ യേശുവിൻെറ സാക്ഷികളായത്. മറ്റു മതങ്ങളെ വിമർശിക്കുകയോ, ചോദ്യം ചെയ്യുകയോ, ആരുടെയും വികാരങ്ങളെയും മൂല്ല്യബോധത്തെയും മുറിപ്പെടുത്തുകയോ ചെയ്യാതെ, അവർ അറിഞ്ഞ, അനുഭവിച്ച സത്യത്തിനു സാക്ഷ്യം വഹിച്ചു. അവരുടെ സമർപ്പണവും വിശ്വസ്തതയും, ധാർമ്മികതയും ദൈവം മാനിച്ചു. ദൈവവചനത്തോടു നാം വിശ്വസ്തത പുലർത്തുമ്പോൾ ദൈവത്തിൻെറ കരം നമ്മോടുകൂടെ വരും. (വാ. 26)

**b. ദൂത്‌വാഹകർ എന്നതിലെ പ്രത്യേകത.**

ദൈവശാസ്ത്ര പാണ്ഡിത്യമോ, പ്രസംഗചാതുര്യമോ ഇല്ലാത്ത സാധാരണക്കാരായ അത്മായക്കാരായിരുന്നു. അന്ത്യോഖ്യാ വിശ്വാസികൾ. അത് നിശ്ചിത നേതൃത്വമില്ലാതിരുന്ന് ഒരു അത്മായ പ്രസ്ഥാനമായിരുന്നു. പക്ഷെ ദൈവം അവരെ അംഗീകരിച്ചു. (വാ. 22)

അന്ത്യോഖ്യായിലെ സഭയുടെ വളർച്ച കേട്ടറിഞ്ഞ അപ്പോസ്തലന്മാർ ബർന്നബാസിനെ അയച്ച് അവർക്ക് പ്രോത്സാഹനം നൽകി.

ദൈവവചനത്തോടെ വിശ്വസ്തത പുലർത്തുന്ന ആരെയും ദൈവം ഉപയോഗിക്കും. ദൈവത്തെ ഒഴിച്ച് മറ്റൊന്നിനെയും അവർ ആഗ്രഹിച്ചില്ല. പാപത്തെ ഒഴിച്ച് മറ്റൊന്നിനെയും അവർ ഭയപ്പെട്ടില്ല.

**2. ശക്തമായ സാക്ഷ്യമായിരുന്നു**

ആരാണ് ശക്തനായ നേതാവ്? ഈ ഹൃദയങ്ങളെ രുപാന്തരപ്പെടുത്തുവാൻ കഴിവുള്ളവൻ. സമൂഹത്തെ ചലിപ്പിക്കുവാൻ കഴിയുന്നവൻ, ദൈവരാജ്യ പൗരന്മാർ ചലിക്കുന്നവരും, ചലിപ്പിക്കുന്നവരും ആയിരിക്കണം. അവരുടെ സാക്ഷ്യം ശക്തമായിരുന്നു. സമൂഹത്തെ ചലിപ്പിക്കുന്നതായിരുന്നു.

അവരുടെ ശക്തി എവിടെ നിന്നുള്ളതാണ് ? എന്തായിരുന്നു അതിൻെറ രഹസ്യം ? അത് പരിശുദ്ധാത്മ ശക്തിയായിരുന്നു (അ.പ്ര. 1:8) പരിശുദ്ധാത്മ ശക്തി കൂടാതെ ലോകത്തെ രൂപാന്തരപ്പെടുത്തുവാൻ സഭയ്ക്ക് സാദ്ധ്യമല്ല. സംഘടനാ ശക്തികൊണ്ടോ, അനുഭവസമ്പത്തുകൊണ്ടോ, ബുദ്ധികൊണ്ടോ അതു സാദ്ധ്യമല്ല. ആ പരിശുദ്ധാത്മാവിനെ നമുക്കു നൽകിയിരിക്കുന്നു. ദൈവരാജ്യത്തിൻെറ പ്രജകൾ പരിശുദ്ധാത്മാവിൻെറ ശക്തിയുള്ളവരാണ്.

ഇന്ന് നാം സാക്ഷികളാകുന്നുണ്ടോ? എന്തുകൊണ്ട് സാധിക്കുന്നില്ല. ചിലപ്പോൾ ലജ്ജ കൊണ്ടാകാം. അതിനുള്ള പരിഹാരം പരിശുദ്ധാത്മാവിൽ നിന്നും ലഭിക്കും. അല്ലെങ്കിൽ നാണക്കേട് എന്ന ചിന്തയാകാം.

ദൈവരാജ്യത്തിൻെറ പ്രജകൾ ദൈവരാജ്യത്തിൻെറ സാക്ഷികളാകുന്നതിൽ അഭിമാനം കൊള്ളണം.

**3. സന്തോഷം ജനിപ്പിക്കുന്ന സാക്ഷ്യമായിരുന്നു.**

അവരുടെ സന്തോഷം അവർ സുവാർത്ത അറിയിച്ചു എന്നതാണ് (വാ. 20) . അവർ നേരിടുന്ന പീഡനത്തിൻെറ പേരിൽ, അഭയാർത്ഥികളെന്ന നിലയിൽ അങ്ങനെ പലതിലും..... അനേകം ദുർവർത്തമാനങ്ങൾ അവർക്കു പറയാനുണ്ടായിരുന്നു. എന്നാൽ അവർക്കു പറയാനുണ്ടായിരുന്നത് പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യത്തിലും അവരിൽ നിന്ന്എടുത്തുമാറ്റുവാൻ കഴിയാത്ത യേശുവിൻെറ സുവാർത്തയായിരുന്നു നമുക്കില്ലാത്തതിനെപ്പറ്റി സംസാരിക്കുകയല്ല, നമുക്കുള്ളതിനെക്കുറിച്ച് സന്തോഷത്തോടെ അറിയിക്കുകയാണാവശ്യം.

അവരുടെ സുവാർത്തയായ കർത്താവ് അവരുടെ ജീവിതത്തിൽ ഉണ്ടായിരുന്നു. ദൈവരാജ്യത്തിൻെറ യഥാർത്ഥ സാക്ഷികളായ അന്ത്യോഖ്യായിലെ വിശ്വാസികൾ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടു. നാം സാക്ഷികളോ? നാം ക്രിസ്ത്യാനി എന്ന നാമത്തിനു യോഗ്യരോ ?

# പ്രതിസന്ധികളിൽ പ്രത്യാശ നല്കുന്ന എന്റെ ദൈവം

**സങ്കീർത്തനം 3**

**മരണം വരെ ജീവിക്കൂ !**

എന്തിനാണ് കൺവൻഷൻ യോഗങ്ങൾ? മനുഷ്യൻ പല അവസ്ഥയിൽ ജീവിക്കുന്നു. മൃഗങ്ങളെക്കാൾ താണ നിലയിൽ മനുഷ്യൻ ജീവിക്കുന്നു എന്ന് ദിനപ്പത്രങ്ങൾ തെളിവു തരുന്നു. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ സഹയാത്രികരെ നിഷ്കരുണം നശിപ്പിക്കുന്നു.

'സ്നേഹോഷ്ണ വൈദ്യുതിയിൽ ഉരുകാത്തമട്ടിൽ

ഉറയുന്നു മനുഷ്യഹൃദയങ്ങൾ ! ഹൃദയങ്ങളെ തട്ടിയുണർത്തി ജീവനിലേക്കു കൊണ്ടുവരുന്നതാണ് ദൈവവചനം.

ഒരു പിതാവ് തന്റെ കുട്ടിയുടെ ജന്മദിനം ഇങ്ങനെയാണ് ആഘോഷിച്ചത് : നാല്പതു കുട്ടികൾ അതിഥികളായെത്തി. ഓരോരുത്തരും ആശംസയർപ്പിച്ച് ഓരോ സമ്മാനം സ്വീകരിക്കാം. മുപ്പത്തിയൊമ്പതാമതു വന്ന കുട്ടി ഇങ്ങനെ ആശംസിച്ചു, "You live until you die". അർത്ഥവത്തായ, ഹ്രസ്വമെങ്കിലും ഹൃദ്യമായ ആശംസ. കർത്താവിലുള്ള സമൃദ്ധമായ ജീവന്റെ ഓഹരിക്കാരാകുകയാണു വേണ്ടത്.

എൻ.എൻ. കക്കാട് തന്റെ 'സഫലമീയാത്ര' എന്ന കവിതയിൽ നല്കുന്ന സന്ദേശം ഇതാണ്. കാൻസർ ബാധിച്ചു ദിനങ്ങൾ എണ്ണിക്കഴിയുന്ന കഥാപാത്രം തന്റെ പത്നിയോടു പറയുന്നു.

'ചന്തം നിറയ്ക്കുകീ ശിഷ്ട ദിനങ്ങളിൽ' നെടുവീർപ്പിട്ടു ജീവിതം നഷ്ടപ്പെടുത്തുകയല്ല, കർത്താവിലുള്ള സമൃദ്ധമായ ജീവന്റെ ഓഹരിക്കാരാവുകയാണു വേണ്ടത്. മുപ്പത്തി മൂന്നര വയസ്സിൽ പിതാവ് മകനെ വിളിച്ച പ്പോൾ യേശു പറഞ്ഞു, ഞാൻ ജോലി തികച്ചിരിക്കുന്നു.

**ശിഥിലമാകുന്ന ബന്ധങ്ങൾ**

ഈ നൂറ്റാണ്ടിൽ മനുഷ്യ പ്രയത്നത്തിലൂടെ നേടിയ വിജ്ഞാനം മനുഷ്യന് സംതൃപ്തി നല്കിയട്ടുണ്ടോ എന്ന് ചിന്തിക്കണം. ഉത്തര മായി മനുഷ്യൻ കാട്ടുന്നത് ഒരു ദയനീയ ചിത്രമാണ്. ദൈവം തന്റെ അനന്തമായ കരു ണയിൽ സ്വന്തം സാദൃശത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ഇ-മെയിൻ, കോർഡ്ലസ് ടെലിഫോൺ - ഇങ്ങനെ ഇൻഫർമേഷൻ ടെക്നോളജി വളർന്നു. എന്നാൽ ബന്ധങ്ങളുടെ ഊഷ്മളത തകർന്നു. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് മനുഷ്യൻ ബന്ധങ്ങളുടെ ഊഷ്മളതയിൽ ജീവിക്കേണം എന്ന ലക്ഷ്യത്തോടെയാണ്.

കണ്ടുപിടുത്തങ്ങൾ ഒരു വഴിക്ക്, എങ്കിലും മനുഷ്യൻ ഒരു ദുർവിധിയിലാണ്. ഇന്ന് വളരെയധികം വിലാപകീർത്തനങ്ങൾ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നു. അയ്യപ്പപ്പണിക്കർ ഇങ്ങനെ പാടി:

"കാടെവിടെ മക്കളേ; മേടെവിടെ മക്കളെ
കാട്ടു പൂഞ്ചോലയുടെ കുളിരെവിടെ മക്കളേ
കാട്ടു പുൽത്തകിടിയുടെ വേരെവിടെ മക്കളേ."

ആർ, രാമചന്ദ്രൻ വിലപിച്ചു,

"ഒന്നുമില്ല, ഒന്നുമില്ല, മീതേ പകച്ചു നില്ക്കുമംബരം മാത്രം
താഴെ കരളുറഞ്ഞു പോകും പാരിടം മാത്രം"

